

17 -ാം വയസ്സിലേക്ക്
ആശംസകൾ...
ടച്ച് മീ
MY LORD AND MY GOD
TOUCH ME
സെപ്തംബർ 2024

# സ്മരണാഞ്ജലി

## രണ്ടാം ചരമവാർഷികം







ജനനം
22-10-1942

മരണം
22-09-2022

## ഒലക്കേങ്കിൽ കുഞ്ഞുവറീത്

# ജോസഫ്

നെഹ്റു നഗർ 8th അവന്യു

**കുന്നംകുളം**



ഭാര്യ, മക്കൾ, മരുമക്കൾ & പേരക്കുട്ടികൾ



*സ്മരണകളോടെ... സെല്ലി ഗ്രൂപ്പ്, കുന്നംകുളം*



ESTD : 1747

# ടച്ച് മീ
TOUCH ME

## പാരിഷ് ബുള്ളറ്റിൻ

പുസ്തകം : 17 – 2024 സെപ്തംബർ – ലക്കം : 1

സെന്റ്. സെബാസ്റ്റ്യൻ കാത്തലിക് ചർച്ച്,
കുന്നംകുളം 680 503
(മറ്റം ഫെറോന – തൃശ്ശൂർ അതിരൂപത)
kunnamkulamch@adtcr.org
www.touchmekkm.in

ST. SEBASTIAN R.C. CHURCH KUNNAMKULAM ★ ESTD: 1747 ★

## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
**ഫാ. ഡെയ്സൻ മുണ്ടോപുറം**
96566 54567

എഡിറ്റർ
**ജോണി ബെഷോ**
93493 79009

സബ്ബ് എഡിറ്റേഴ്സ്
**സിസ്റ്റർ അൻസ ജോസ്** CMC
80869 50771

**M.K. ദേവസ്സി**
94953 28758

**ജോൺസൺ പാവു**
94476 54230

സെക്രട്ടറി, ഇടവക PRO
**V.C. ജോസി**
98470 17297
E-mail : vcjosy@gmail.com

ട്രഷറർ
**M.L. സുനിൽ**
98464 34411

അംഗങ്ങൾ
ഡോ. പോൾ C. റാഫേൽ 94467 22050
ജോയ്സി തോംസൺ തച്ചിൽ 81295 34205
ബിന്ദു രാജു 98478 31110
ആനന്ദി സുനിൽ 94958 55053

കൈക്കാരന്മാർ
**എം.എൽ. മാണി** 94463 91580
**ജോപോൾ വി. ആലപ്പാട്ട്** 94467 23804
**പോയ്സ് ജേബി** 99611 18927

## താളുകൾ മറിയ്ക്കുമ്പോൾ

| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഇടയമൊഴി | 3 |
| ഇടവക വാർത്തകൾ | 5 |
| ടച്ച് - മീ നാൾവഴികളിലൂടെ | 9 |
| വിശ്വാസപരിശീലനം | 11 |
| ഇടവക ചെറിയ തിരുനാൾ | 12 |
| സഭാ വാർത്തകൾ | 13 |
| ആയുർവേദ - ഹോമിയോ ക്യാമ്പ് | 14 |
| ജൂനിയർ സി.എൽ.സി. | 15 |
| പ്രതിനിധിയോഗ വാർത്തകൾ | 16 |
| ദൈവത്തിന്റെ തിരുവിഷ്ടം | 17 |
| ഞാൻ ഏകനല്ല | 19 |
| മാലാഖമാർ | 21 |
| ന്യൂമോണിയ | 23 |
| സംഘടനാ വാർത്തകൾ | 25 |
| ഇടവക ആൽബം | 26 |
| മിഴിവിളക്ക് | 28 |
| വഴിവിളക്ക് | 29 |
| അടിക്കുറിപ്പ് മത്സരം | 30 |
| നിറംകൊടുക്കാമോ | 31 |
| വചന കലണ്ടർ | 32 |

## വിശുദ്ധ കുർബാന

**ഞായർ 6.00 am & 9.00 am**
**സാധാരണ ദിവസം 6.30 am**

## എഡിറ്റോറിയൽ...

ടച്ച് മീ...
അക്ഷരങ്ങളിലൂടെ
അരുമ സ്പർശമായി...
അരികിലെത്താൻ തുടങ്ങിയിട്ട്
പതിനാറ് സംവത്സരങ്ങൾ പൂർത്തിയാവുന്നു!
ഇടവകയെന്ന കുടുംബത്തിന്റെ
ഇന്നലെകളെ,
ഇനി വരുന്ന നാളുകളെ...
ഇതളുകളായി ചേർത്തുവയ്ക്കുന്ന
ഈ കൈപ്പുസ്തകത്തിന്
ഇത് ചാരിതാർത്ഥ്യത്തിന്റെ ധന്യനിമിഷങ്ങൾ...!
“ഇതാണു വഴി... ഇതിലേ പോവുക” എന്നുപറഞ്ഞവന്റെ
ഇടമുറിയാത്ത അനുഗ്രഹങ്ങൾക്ക് മുന്നിൽ
ഇരുകരങ്ങളും കൂപ്പിക്കൊണ്ട്...
ഇതുവരെ നടന്ന വഴികളിൽ
ഇത്തിരി വെട്ടമായവർക്ക്...
ഈ അഴകിന്റെ ഒരുമയിൽ
ഇഴ ചേർന്നവർക്ക്...
ഈ ഇടവകയുടെ ഇടയ കരങ്ങൾക്ക്....
ഇനിയുമിനിയും ചൊല്ലിടുന്നു
ഇടമുറിയാത്ത കൃതജ്ഞതാ ഗീതം!
ഇനിയും കാരുണ്യത്തിന്റെ
ഇതൾ സ്പർശമായി
ഇരുട്ടിൽ തെളിയുന്ന ഇത്തിരിവെട്ടമായി,
ഈ യാത്ര ഇനിയുമിനിയും മുന്നോട്ട്...!
ഉയിർത്തെഴുന്നേറ്റവന്റെ ഉയിരായിത്തീരാൻ...
ഉലകിന്റെ ഉപ്പ് ആയിത്തീരാൻ...
ഒരുമനമോടെ, ഒരുമയോടെ... വരുവിൻ!
കൂടെയുണ്ട്, സ്നേഹമുള്ള ദൈവം!
ഏവർക്കും പ്രാർത്ഥനാശംസകൾ...

ടച്ച് മീ
*എഡിറ്റോറിയൽ ബോർഡ്*



# ഇടയമൊഴി

പ്രിയ ഇടവക ജനമേ,

ആരാധന ക്രമവത്സരത്തിലെ ഏലിയാ-സ്ലീവാ-മൂശാ കാലങ്ങളിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. ഈ കാലഘട്ടത്തിൽ നാം അനുസ്മരിക്കുന്ന പെസഹരഹസ്യങ്ങൾ - കർത്താവിന്റെ രണ്ടാമത്തെ ആഗമനം, ലോകാവസാനം, മരണം, അവസാനവിധി മുതലായവയും തുടർന്ന് കുരിശിന്റെ അന്തിമ വിജയവും ആണ്. സെപ്തംബർ 14ന് ആചരിക്കുന്ന കുരിശിന്റെ പുകഴ്ചയാണ് ഈ കാലഘട്ടത്തിന്റെ കേന്ദ്രബിന്ദു.

വി. കുരിശിന്റെ പുകഴ്ച്ച

മതപീഡനത്തിൽ നിന്ന് ആദിമ ക്രൈസ്തവ സഭയെ വിമുക്തനാക്കിയ മഹാനായ കോൺസ്റ്റന്റൈൻ ചക്രവർത്തി കുരിശിന്റെ അടയാളം കൊണ്ടാണ് യുദ്ധങ്ങളിൽ വൻ വിജയങ്ങൾ നേടിയിരുന്നത്. അക്കാലത്ത് ചക്രവർത്തിയുടെ മാതാവ് വിശുദ്ധ ഹെലേന രാജ്ഞി മണ്ണിൽ മറഞ്ഞു കിടന്നിരുന്ന തിരുസ്ലീവാ വീണ്ടെടുക്കുകയും താൻ പ്രണയിച്ച മനോഹരമായ ദൈവാലയത്തിൽ അത് പ്രതിഷ്ഠിക്കുകയും ചെയ്തു. ഇത് നടന്നത് എ.ഡി. 328ൽ ആയിരുന്നു. എന്നാൽ ആ കുരിശ് പേർഷ്യൻ രാജാവായിരുന്ന കോസ്റോസ്റ്റ് പിടിച്ചെടുത്ത് പേർഷ്യയിൽ സൂക്ഷിച്ചു. എഡി 682-ൽ ഹെരാക്ലിയൂസ് ചക്രവർത്തി ഘോരയുദ്ധം ചെയ്ത് തിരുസ്ലീവാ അവിടെ നിന്ന് വീണ്ടെടുത്തു. വീണ്ടെടുക്കപ്പെട്ട തിരുക്കുരിശ് ആഡംബരപൂർവ്വം ജറുസലത്ത് പുനഃസ്ഥാപിക്കുവാൻ ചക്രവർത്തി സ്ഥാന വസ്ത്രങ്ങളണിഞ്ഞ് പുറപ്പെട്ടു. പക്ഷേ അദ്ദേഹത്തിന് മുന്നോട്ടുപോകുവാൻ സാദ്ധ്യമായില്ല. എന്നാൽ വസ്ത്രാഡംബരങ്ങൾ നീക്കി ലളിത വസ്ത്രങ്ങൾ ധരിച്ചപ്പോൾ, തടസ്സങ്ങൾ നീങ്ങുകയും കുരിശ് ജറുസലത്ത് പുനഃസ്ഥാപിക്കപ്പെടുകയും ചെയ്തു. ഇപ്രകാരം തിരുസ്ലീവാ ജറുസലത്ത് പുനഃസ്ഥാപിക്കപ്പെട്ടതിന്റെ സ്മരണയാണ് വി. കുരിശിന്റെ പുകഴ്ച എന്ന പേരിൽ ആഘോഷിക്കപ്പെടുന്നത്. ഈ തിരുനാൾ ആഘോഷിക്കപ്പെടുമ്പോൾ ഇന്നും നാം കർത്താവിനെ കുരിശിൽ നിന്നിറക്കിയിട്ടില്ല എന്ന് തോന്നിപ്പോവുകയാണ്. ഇപ്പോഴും കർത്താവിനെ നമ്മൾ കുരിശോട് ചേർത്ത് ബന്ധിച്ചിരിക്കുകയാണ്. കർത്താവിന്റെ പീഡാനുഭവം ഓർത്ത് നാം

നിശ്ചിത ദിവസങ്ങളിലും സമയങ്ങളിലും വിലപിക്കും. അതേ സമയം നമുക്കിഷ്ടമില്ലാത്ത സത്യം. നമുക്കിഷ്ടമല്ല എന്ന കാരണം കൊണ്ട് മാത്രം നാം അംഗീകരിക്കില്ല. അസത്യത്തിന്റെ ഭാഗത്താണ് ആളുകൾ കൂടുതലെങ്കിൽ ആരും അറിയാതെ നാം അവരുടെ കൂടെ കൂടും. നീതിയുടെ ഭാഗത്താണ് നിൽക്കുന്നത് സുരക്ഷിതമല്ലെന്ന് കാണുമ്പോൾ ആരും കാണാതെ ജനക്കൂട്ടത്തോട് ചേർന്ന് നമ്മളും ആക്രോശിക്കും. അവനെ ക്രൂശിക്കുക എന്ന്. സത്യവും നീതിയും ഇന്നും ക്രൂശിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. യേശുവിനെ നാം കുരിശോട് ചേർത്ത് ബന്ധിച്ചുകൊണ്ടിരിക്കുന്നു; വ്യാജമായ ആത്മീയ സംതൃപ്തിക്കുവേണ്ടി. ഏവർക്കും കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ മംഗളങ്ങൾ...!!!

യേശുവിൽ സ്നേഹപൂർവ്വം
വികാരിയച്ചൻ
**ഫാ. ഡെയ്സൻ മുണ്ടോപുറം**

## സംഘടന / സമിതി മീറ്റിംഗുകളുടെ ദിവസവും സമയവും

| | |
|---|---|
| ഒന്നാം ഞായർ രാവിലെ 7.30ന് | കുടുംബകൂട്ടായ്മ കേന്ദ്രസമിതി |
| ഒന്നാം ഞായർ രാവിലെ 10.30ന് | വിശ്വാസപരിശീലന അധ്യാപക സമിതി |
| ഒന്നാം ഞായർ വൈകീട്ട് 5.00ന് | അൾത്താരസംഘം |
| ഒന്നാം ബുധൻ വൈകീട്ട് 5.00ന് | പ്രാർത്ഥനാ ഗ്രൂപ്പ് |
| രണ്ടാം ഞായർ രാവിലെ 7.30ന് | കെ. എൽ. എം. |
| രണ്ടാം ഞായർ രാവിലെ 10.30ന് | യൂത്ത് സി. എൽ. സി. |
| രണ്ടാം ഞായർ വൈകീട്ട് 5.00ന് | ഗായകസംഘം |
| മൂന്നാം ശനി വൈകീട്ട് 8.00ന് | ടച്ച് മീ എഡിറ്റോറിയൽ ബോർഡ് |
| മൂന്നാം ഞായർ രാവിലെ 7.30ന് | ഇടവക പ്രതിനിധിയോഗം |
| മൂന്നാം ഞായർ രാവിലെ 10.30ന് | തിരുബാലസഖ്യം |
| മൂന്നാം ഞായർ രാവിലെ 10.30ന് | ജൂനിയർ സി. എൽ. സി. |
| മൂന്നാം ഞായർ വൈകീട്ട് 5.00ന് | ജീസസ് യൂത്ത് |
| നാലാം ഞായർ രാവിലെ 7.30ന് | കത്തോലിക്കാ കോൺഗ്രസ്സ് |
| നാലാം ഞായർ രാവിലെ 10.30ന് | മാതൃവേദി |
| നാലാം ഞായർ വൈകീട്ട് 5.00ന് | കെ. സി. വൈ. എം. |
| അഞ്ചാം ഞായർ രാവിലെ 7.30ന് | ഭക്തസംഘടന ഏകോപനസമിതി |
| അഞ്ചാം ഞായർ രാവിലെ 10.30ന് | റോസമിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ സമിതി |

# ഇടവക വാർത്തകൾ

**സെപ്തംബർ 1 ഞായർ - ചെറിയ തിരുനാൾ കൊടിയേറ്റം & മരിയൻ സൈക്കിൾ റാലി**

6.00 am : ചെറിയ തിരുനാളിന് ഒരുക്കമായ ദിവ്യബലി, കൊടിയേറ്റം & നേർച്ച വിതരണം

10.30 am : മരിയൻ സൈക്കിൾ റാലി
(നേതൃത്വം : ജൂനിയർ സി.എൽ.സി.)

6.30 pm : കപ്പേളയിൽ കൊടിയേറ്റം, ചെറിയതിരുനാളിന് ഒരുക്കമായ ലദ്ദീഞ്ഞ്, നൊവേന & നേർച്ച വിതരണം

NB : സെപ്തംബർ 1 മുതൽ 7 ഉൾപ്പെടെയുള്ള ദിവസങ്ങളിൽ ചെറിയ തിരുനാളിന് ഒരുക്കമായി രാവിലെ 6.30ന് ദൈവാലയത്തിൽ വി. കുർബാനയും നേർച്ച വിതരണവും, വൈകീട്ട് 6.30ന് കപ്പേളയിൽ ആരാധനയോടെ ലദ്ദീഞ്ഞും നൊവേനയും നേർച്ച വിതരണവും ഉണ്ടായിരിക്കും.

**സെപ്തംബർ 3 ചൊവ്വ - കപ്പേളയിൽ ലദ്ദീഞ്ഞ് & നൊവേന**

5.30 pm : സെന്റ് ആന്റണീസ് കപ്പേളയിൽ ലദ്ദീഞ്ഞ് & നൊവേന

**സെപ്തംബർ 8 ഞായർ - പരി. മാതാവിന്റെ പിറവി തിരുനാൾ -
ഇടവക ചെറിയ തിരുനാൾ : ചിറളയം സെന്റ് മേരീസ് കപ്പേള
മാതൃവേദി വാർഷിക പൊതുയോഗം - മാതൃവേദി ദിനത്തിന് ഒരുക്കപ്രാർത്ഥനാരംഭം**

8.45 am : മാതാവിന്റെ ലദ്ദീഞ്ഞ്, നൊവേന, മാതാവിന് കേക്ക് സമർപ്പണം

9.00 am : തിരുനാൾ കുർബാന, സന്ദേശം, നേർച്ച വിതരണം, ബൈക്ക് റാലിയുടെ അകമ്പടിയോടെ സെന്റ് മേരീസ് കപ്പേളയിലേക്ക് ഛായാചിത്ര എഴുന്നെള്ളിപ്പ്. തുടർന്ന് കപ്പേളയിൽ അടിമ സമർപ്പണം.

10.45 am : മാതൃവേദി വാർഷിക പൊതുയോഗം ആദരം, സമ്മാനദാനം, സ്നേഹവിരുന്ന്
(നേതൃത്വം : മാതൃവേദി)

5.30 pm : ആരാധനയോടെ വ്യാകുല ചിന്തനം & വ്യാകുല ജപമാല
(നേതൃത്വം : മാതൃവേദി)

6.30 pm : കപ്പേളയിൽ തിരുനാൾ വേസ്പര, കുഞ്ഞുമേരിമാരുടെ പ്രസുദേന്തി വാഴ്ച, ഛായാചിത്ര പ്രയാണം, വർണ്ണമഴ, നേർച്ച ഊട്ട് കിറ്റ് വിതരണം.

NB : സെപ്തംബർ 9 തിങ്കൾ മുതൽ 13 വെള്ളി ഉൾപ്പെടെയുള്ള ദിവസങ്ങളിൽ രാവിലെ വി. കുർബാന ഉണ്ടായിരിക്കുന്നതല്ല. കൂടാതെ ആ ദിവസങ്ങളിൽ വൈകീട്ട് 5.30ന് ആരാധനയോടെ വ്യാകുല വിചിന്തനം, വ്യാകുല ജപമാല മാതൃവേദിയുടെ നേതൃത്വത്തിൽ. തുടർന്ന് വൈകീട്ട് 6ന് വി. കുർബാന.

**സെപ്തംബർ 13 വെള്ളി - നാലാം വെള്ളിയാചരണം**

5.30 pm : ആരാധനയോടെ വ്യാകുലവിചിന്തനം, വ്യാകുല ജലമാല
(നേതൃത്വം : മാതൃവേദി)
6.00 pm : വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന, നേർച്ചവിതരണം

**സെപ്തംബർ 14 ശനി - വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ, കത്തോലിക്കാ കോൺഗ്രസ്സ് ദിനം**

6.15 am : കുരിശിന്റെ പുകഴ്ചയുടെ പ്രാർത്ഥനാ ശുശ്രൂഷ
6.30 am : കാഴ്ചസമർപ്പണം, തിരിതെളിയിക്കൽ, തിരുനാൾ കുർബാന, നേർച്ച വിതരണം, പതാകവന്ദനം
(നേതൃത്വം : കത്തോലിക്കാ കോൺഗ്രസ്സ്)
2.00 pm : ഓണം ഫെസ്റ്റ് 2K24 മത്സരങ്ങൾ
5.30 pm : ആരാധനയോടെ വ്യാകുല വിചിന്തനം, വ്യാകുല ജപമാല
(നേതൃത്വം : മാതൃവേദി)
6.00 pm : ഓണം ഫെസ്റ്റ് 2K24 മത്സരങ്ങൾ
(നേതൃത്വം : ഏകോപന സമിതി)
8.00 pm : കത്തോലിക്കാ കോൺഗ്രസ്സ് വാർഷികദിന പൊതുസമ്മേളനം, ആദരം, സമ്മാനദാനം, കാരുണ്യസമർപ്പണം, സ്നേഹവിരുന്ന്.
(നേതൃത്വം : കത്തോലിക്കാ കോൺഗ്രസ്സ്)

**സെപ്തംബർ 15 ഞായർ - വ്യാകുല മാതാവിന്റെ തിരുനാൾ, മാതൃവേദി ദിനം**

5.45 am : ലദീഞ്ഞ്, നൊവേന
6.00 am : കാഴ്ചസമർപ്പണം, തിരിതെളിയിക്കൽ, തിരുനാൾ കുർബാന, നേർച്ച വിതരണം, പതാകവന്ദനം, മെഗാ തിരുവാതിര
(നേതൃത്വം : മാതൃവേദി)
10.30 am : ഓണം ഫെസ്റ്റ് 2K24 മത്സരങ്ങൾ
(നേതൃത്വം : ഏകോപന സമിതി)

**സെപ്തംബർ 17 ചൊവ്വ - ഓണ കാരുണ്യവിരുന്ന്**

5.30 am : ഓണ കാരുണ്യവിരുന്ന്
(നേതൃത്വം : യൂത്ത് സി.എൽ.സി.)

**സെപ്തംബർ 18 ബുധൻ - Rainbow 2K24, Colours 2K24 & Hesed 2K24**

9.30 am to 12.30 nn : തിരുബാലസഖ്യത്തിലെ കുട്ടകൾക്ക് Rainbow 2K24 അർദ്ധദിന സെമിനാർ
(നേതൃത്വം : തിരുബാലസഖ്യം)
2.00 pm to 5.00 pm : ജൂനിയർ സി.എൽ.സി., അൾത്താരസംഘം സംഘടനകളിലെ കുട്ടികൾക്ക് Colours 2K24 & Hesed 2K24 അർദ്ധദിന സെമിനാർ
(നേതൃത്വം : ജൂനിയർ സി.എൽ.സി. & അൾത്താരസംഘം)

**സെപ്തംബർ 19, 20 (വ്യാഴം, വെള്ളി) - യുവജവർഷ - യുവജന ക്യാമ്പ് 2K24**

5.30 pm to 8.30 pm : യുവജനങ്ങൾക്കായി യുവജന വർഷ - യുവജനക്യാമ്പ് 2K24

NB : ഇടവകയിലെ 15 വയസ്സുമുതൽ 35 വയസ്സുവരെയുള്ള ഏവരും ഈ യുവജന ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്.

**സെപ്തംബർ 20 വെള്ളി - അഞ്ചാം വെള്ളിയാചരണം**

5.45 am : ആരാധന, കരുണക്കൊന്ത

6.30 am : വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന, നേർച്ചവിതരണം

**സെപ്തംബർ 22 ഞായർ- സംഘടനകളുടെ സംയുക്ത വാർഷികം 2024**

9.00 am : കൃതജ്ഞത ബലി

6.00 pm : സംഘടനകളുടെ സംയുക്ത വാർഷിക പൊതുയോഗം, ഓണം ഫെസ്റ്റ് സമ്മാനദാനം, ആദരണീയം, സ്നേഹവിരുന്ന്
(നേതൃത്വം : സംഘടന ഏകോപന സമിതി)

**സെപ്തംബർ 27 വെള്ളി - ആറാം വെള്ളിയാചരണം**

5.45 am : ആരാധധന, കരുണകൊന്ത

6.30 am : വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന, നേർച്ചവിതരണം

**സെപ്തംബർ 29 ഞായർ - ഓണകാരുണ്യ വിരുന്ന് & ഏയ്ഞ്ചൽസ് ഡേ**

5.30 am : ഓണകാരുണ്യ വിരുന്ന്
(നേതൃത്വം : കെ.സി.വൈ.എം.)

10.30 am : ഏയ്ഞ്ചൽസ് ഡേ ആരാധന & കുമ്പസാരം

**സെപ്തംബർ 30 തിങ്കൾ - മരിയോത്സവം 2024 ആരംഭം**

5.30 pm : റോസ്മിസ്റ്റിക്ക ഡെക്കറേഷൻ സമിതി പതാക വന്ദനം, ആരാധന & ജപമാല
(നേതൃത്വം : റോസ് മിസ്റ്റിക്ക ഡെക്കറേഷൻ സമിതി)

6.00 pm : വി. കുർബാന, തുടർന്ന് മരിയോത്സവമായി ബന്ധപ്പെട്ട് കുടുംബകൂട്ടായ്മകളിലേക്ക് മാതാവിന്റെ തിരുസ്വരൂപം, ഗ്രിഗോറിയൻ ജപമാല, മരിയൻ കൊടി എന്നിവ മുത്തുക്കുടയോടെ കുടുംബകൂട്ടായ്മാ ഭാരവാഹികൾക്ക് കൈമാറും.
(നേതൃത്വം : കുടുംബകൂട്ടായ്മ കേന്ദ്രസമിതി)

**ഒക്ടോബർ 1 ചൊവ്വ : കപ്പേളയിൽ ലദ്ദീഞ്ഞ്, നൊവേന, വയോജനദിനം**
**വി. കൊച്ചുത്രേസ്യയുടെ തിരുനാൾ & പതാക ദിനം**

5.30 am : പ്രയർ ഫ്രണ്ട് 2024
(നേതൃത്വം : കുട്ടികൂട്ടായ്മ)

5.45 am : മാതൃനിയോഗ സമർപ്പണം 2024
(നേതൃത്വം : ജൂനിയർ സി.എൽ.സി.)
5.50 am : ഡിജിറ്റൽ പ്രെയർ ഫ്രണ്ട് പോസ്റ്റർ 2024
(നേതൃത്വം : അൾത്താര സംഘം)
6.00 am : ആരാധനയോടെ ജപമാല, ലദീഞ്ഞ്, നൊവേന
6.30 am : തിരുനാൾ കുർബാന, നേർച്ച വിതരണം, കൊച്ചേത്രേസ്യ നാമധാരികൾക്ക് ആദരം, പതാക വന്ദനം
(നേതൃത്വം : ജൂനിയർ സി.എൽ.സി.)
7.30 am : വയോജനദിന സമർപ്പണം
(നേതൃത്വം : തിരുബാലസഖ്യം)
5.30 pm : സെന്റ് ആന്റണീസ് കപ്പേളയിൽ ലദീഞ്ഞ്, നൊവേന

NB : ഒക്ടോബർ 1 മുതൽ 20 ഉൾപ്പെടെയുള്ള ദിവസങ്ങളിൽ രാവിലെ 6ന് ആരാധനയോടെ ജപമാല ഉണ്ടായിക്കും. ഞായറാഴ്ചകളിൽ രാവിലെ 5.30ന് ആരാധനയോടെ ജപമാല ഉണ്ടായിരിക്കും

### ഒക്ടോബർ 4 വെള്ളി - പാപ്പ ദിനം, ഏഴാം വെള്ളിയാചരണം & മാസാദ്യവെള്ളി

5.45 am : ആരാധനയോടെ ജപമാല, തിരുഹൃദയ പ്രതിഷ്ഠ
6.30 am : വി. കുർബാന, നൊവേന, പാപ്പദിന പതാക വന്ദനം, സമർപ്പണം
(നേതൃത്വം : തിരുബാലസഖ്യം)

### ഒക്ടോബർ 5 ശനി - കപ്പേളയിൽ ലദീഞ്ഞ് & നൊവേന

5.30 pm : സെന്റ് മേരീസ് കപ്പേളയിൽ ലദീഞ്ഞ്, നൊവേന

### സെപ്തംബർ മാസത്തിലെ ഞായറാഴ്ചകളിൽ ഒന്നാമത്തെ വി. കുർബാന ബൈബിൾ വാനയകൾക്കും കാറോസൂസ ശുശ്രൂഷയ്ക്കും നേതൃത്വം നൽകേണ്ട കുടുംബകൂട്ടായ്മകൾ

| തിയ്യതി | കുടുംബകൂട്ടായ്മ |
|---|---|
| സെപ്തംബർ 01 ഞായർ | മേരി മാതാ കുടുംബകൂട്ടായ്മ |
| സെപ്തംബർ 08 ഞായർ | സെന്റ് ആന്റണീസ് കുടുംബകൂട്ടായ്മ |
| സെപ്തംബർ 22 ഞായർ | സെന്റ് തോമസ് കുടുംബകൂട്ടായ്മ |
| സെപ്തംബർ 29 ഞായർ | സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ |





**Clinto Raj**
S/o. Mr. Raju E.C.
Mrs. Sheeja V.D.
Edappully House
Kunnamkulam

**Anagha Jaison**
D/o. Mr. Jaison P.J.
Mrs. Cini Jaison
Panamkulam House
Chalakudy



*Best Compliments from: Thankamma Chacko, Rosily Devassykutty & Chipputty*



53rd
ANNIVERSARY
01-09-2024
Dr. Cherian Joseph &
Marykutty Cherian
Puthangadi House, Guruvayur Road
Kunnamkulam
Sharing Happiness : Joepaul, Kalpana,
Thanima & Logan, Francis & Pooja




HAPPY
Birthday
Isabel Rose Joy
Agna Joy
JOY & SIMSHA
Kanjirathingal House
Indira Nagar 1St Avenue
Kunnamkulam
Lots of Love
Appa & Amma

# ടച്ച് മീ നാൾവഴികളിലൂടെ

- 2008 ഏപ്രിൽ 20ന് കൂടിയ ഇടവക പ്രതിനിധിയോഗത്തിലെ 5-ാം തീരുമാന പ്രകാരം പ്രതിനിധിയോഗത്തിന്റേയും കെ.സി.വൈ.എം. സംഘടനയുടേയും സംയുക്താഭിമുഖ്യത്തിൽ ഇടവക ബുള്ളറ്റിൻ തുടങ്ങുന്നതിന് തീരുമാനിച്ചു.
- റവ. ഫാ. ഫ്രാങ്ക്ളിൻ കണ്ണനായ്ക്കൽ ചീഫ് എഡിറ്ററും, ശ്രീ. പി.ജെ. ജോൺപോൾ എഡിറ്ററുമായി 2008 സെപ്തംബറിൽ കെ.സി.വൈ.എം. പ്രസിദ്ധീകരണമായി 'ടച്ച്-മീ' പാരിഷ് ബുള്ളറ്റിൻ എന്ന പേരിൽ ഇടവകയുടെ ആദ്യ ബുള്ളറ്റിൻ, പേപ്പർ രൂപത്തിൽ പ്രസിദ്ധീകരിച്ചു.
- 2010 മുതൽ 'ടച്ച്-മീ' പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചു തുടങ്ങി.
- 2011 ഫെബ്രുവരി മുതൽ റവ. ഫാ. ഫ്ളർജിൻ തയ്യാലയ്ക്കൽ ചീഫ് എഡിറ്ററും, എൻ.ജെ. അഭിലാഷ് എഡിറ്ററുമായി പ്രസിദ്ധീകരിച്ചു തുടങ്ങിയ 'ടച്ച്-മീ', 2011 ഏപ്രിൽ മുതൽ ഇന്ന് കാണുന്ന തരത്തിൽ മൾട്ടികളറിൽ അച്ചടിച്ചു തുടങ്ങി.
- 2012 മാർച്ച് മുതൽ റവ. ഫാ. സിറിയക് ചാലിശ്ശേരി രക്ഷാധികാരിയും ചീഫ് എഡിറ്ററായി ക്ലിന്റു വർഗ്ഗീസും, 2013 മാർച്ച് മുതൽ റവ. ഫാ. പോൾ ആലപ്പാട്ട് രക്ഷാധികാരിയും 2014 മെയ് മുതൽ 2015 മാർച്ച് വരെ ക്ലിന്റോ രാജ് ചീഫ് എഡിറ്ററുമായും 'ടച്ച്-മീ' പ്രസിദ്ധീകരിച്ചു.
- 2015 ഫെബ്രുവരി 15 ലെ ഇടവക പ്രതിനിധി യോഗത്തിൽ കെ.സി.വൈ.എം. സംഘടനയ്ക്ക് 'ടച്ച്-മീ' തുടർന്ന് പ്രസിദ്ധീകരിക്കുവാൻ കഴിയുകയില്ലെന്ന് അറിയിച്ചതിനാൽ, പ്രതിനിധിയോഗ തീരുമാനപ്രകാരം ഇടവക വികാരി റവ. ഫാ. പോൾ ആലപ്പാട്ട് ചീഫ് എഡിറ്ററും, ശ്രീ. ജോണി ബെപ്പോ എഡിറ്ററും, മറ്റ് ഭാരവാഹികളായി സിസ്റ്റർ ആൻജോ CMC, എം.കെ. ദേവസി, ജോൺസൺ പാവു, എം.എൽ. സുനിൽ, വി.സി. ജോസി എന്നിവരേയും തെരഞ്ഞെടുത്തു.
- 2015 മാർച്ച് 1 ന് കൂടിയ എക്സിക്യൂട്ടീവ് യോഗത്തിൽ വെച്ച് 'ടച്ച്-മീ' യുടെ സെക്രട്ടറിയായി വി.സി. ജോസിയേയും, ട്രഷററായി എം.എൽ. സുനിലിനേയും, സബ് എഡിറ്റർമാരായി സിസ്റ്റർ ആൻജോ CMC, എം.കെ. ദേവസ്സി, ജോൺസൺ പാവു എന്നിവരേയും തെരഞ്ഞെടുത്തു.
- 2015 ഏപ്രിൽ മുതൽ 'ടച്ച്-മീ' പാരിഷ് ബുള്ളറ്റിൻ ഓൺലൈൻ വെബ്സൈറ്റായി www.touchmekkm.in എന്ന വിലാസത്തിൽ പ്രസിദ്ധീകരിച്ചു തുടങ്ങി.
- 10-ാം വാർഷികത്തിലേക്ക് പ്രവേശിച്ച 2017 സെപ്തംബറിൽ 'ടച്ച്-മീ' സ്പെഷ്യൽ പതിപ്പ് ഇടവക ഡയറക്ടറിയായി പുറത്തിറക്കി.
- 2017ൽ ഇടവക ദൈവാലയം നവീകരിച്ചപ്പോൾ, ഒരുലക്ഷത്തിലധികം രൂപ ചിലവിട്ട് അൾത്താരയിലേക്ക്, വിശുദ്ധ ബലിപീഠം'ടച്ച്-മീ' എഡിറ്റോറിയൽ ബോർഡ് സമർപ്പിച്ചു.
- 2018-ൽ പുതിയ വൈദിക മന്ദിരം പണിയുന്നതിലേക്ക്, 50,000/- രൂപ 'ടച്ച് -മീ' എഡിറ്റോറിയൽ ബോർഡ് സംഭാവന ചെയ്തു.
- 2018 മെയ് 14ന് കൂടിയ എക്സിക്യൂട്ടീവ് യോഗത്തിൽ വെച്ച് 'ടച്ച്-മീ'യുടെ സബ് എഡിറ്റർ സിസ്റ്റർ ആൻജോ സി.എം.സി. വിരമിച്ചതിനാൽ സിസ്റ്റർ ഗീതി മരിയ സി.എം.സി.യെ പുതിയ സബ് എഡിറ്ററായി തെരഞ്ഞെടുത്തു.

- 2018 ൽ അതിരൂപത തലത്തിൽ നടത്തിയ പാരിഷ് ബുള്ളറ്റിൻ മത്സരത്തിൽ 'ടച്ച് - മീ' പാരിഷ് ബുള്ളറ്റിന് കവർ പേജിന് രണ്ടാം സമ്മാനവും, ലേഖനത്തിന് മൂന്നാം സമ്മാനവും ലഭിച്ചു.
- 2019 ൽ അതിരൂപതാ തലത്തിൽ നടത്തിയ പാരിഷ് ബുള്ളറ്റിൻ മത്സരത്തിൽ ലേ ഔട്ട് വിഭാഗത്തിൽ (പുസ്തക രൂപകല്പനയിൽ) ഒന്നാം സ്ഥാനം 'ടച്ച് - മീ' പാരിഷ് ബുള്ളറ്റിന് ലഭിച്ചു.
- 2020 - 2021 ലോക്ഡൗൺ കാലത്ത് നാടാകെ സ്തംഭിച്ച് എല്ലാ സ്ഥാപനങ്ങളും അടഞ്ഞ് കിടന്നപ്പോഴും തൃശൂർ അതിരൂപതയിൽ 'ടച്ച് - മീ' പാരിഷ് ബുള്ളറ്റിൻ മാത്രം യാതൊരു മുടക്കവും കൂടാതെ പുസ്തകരൂപത്തിൽതന്നെ പുറത്തിറക്കി ഇടവക ജനങ്ങളുടെ കൈകളിൽ എത്തിച്ചു.
- 15 - ാം വർഷത്തിലേക്ക് പ്രവേശിച്ച് 'ടച്ച് - മീ' പാരിഷ് ബുള്ളറ്റിൻ 2022 സെപ്തംബറിൽ Crystal Jubilee സ്പെഷ്യൽ പതിപ്പ് പുറത്തിറക്കി.
- 2021 ൽ നടത്തിയ തൃശൂർ അതിരൂപത പാരിഷ് ബുള്ളറ്റിൻ മത്സരത്തിൽ എല്ലാ മാസവും പ്രസിദ്ധീകരിക്കുന്ന വിഭാഗത്തിൽ ഏറ്റവും മികച്ച പാരിഷ് ബുള്ളറ്റിനുള്ള 3 - ാം സ്ഥാനവും, ഏറ്റവും മികച്ച കവർ പേജ് ഡിസൈന് ഒന്നാം സ്ഥാനവും, ഏറ്റവും മികച്ച ഇടയസ്വരം പംക്തിക്ക് രണ്ടാം സ്ഥാനവും, ഏറ്റവും മികച്ച (ലേഔട്ട്) പുസ്തക രൂപകല്പനക്ക് മൂന്നാം സ്ഥാനവും 'ടച്ച് - മീ' പാരിഷ് ബുള്ളറ്റിന് ലഭിച്ചു.
- 2023 ജൂൺ 13ന് കൂടിയ 'ടച്ച് - മീ' എക്സിക്യൂട്ടീവ് യോഗത്തിൽ വെച്ച് സബ് എഡിറ്റർ സിസ്റ്റർ ഗീതി മരിയ സിഎംസി വിരമിച്ചതിനാൽ പുതിയ സബ് എഡിറ്ററായി സിസ്റ്റർ അൻസ ജോസ് സിഎംസിയെ തെരഞ്ഞെടുത്തു.
- 2015ൽ ചുമതലയേറ്റ നിലവിലുള്ള 'ടച്ച് - മീ' എഡിറ്റോറിയൽ ബോർഡ് 100 മാസം പൂർത്തിയാക്കിയ 2023 ജൂലൈ മാസത്തിൽ Century Edition ആയി സ്പെഷ്യൽ പതിപ്പ് പുറത്തിറക്കി.
- 2022 ൽ നടത്തിയ തൃശൂർ അതിരൂപത പാരിഷ് ബുള്ളറ്റിൻ മത്സരത്തിൽ എല്ലാ മാസവും പ്രസിദ്ധീകരിക്കുന്ന വിഭാഗത്തിൽ ഏറ്റവും മികച്ച പാരിഷ് ബുള്ളറ്റിനുള്ള 3 - ാം സ്ഥാനം ലഭിച്ചു. രണ്ടാം തവണയാണ് 'ടച്ച് - മീ'ക്ക് 3 - ാം സ്ഥാനം ലഭിക്കുന്നത്. തുടർച്ചയായി 4 - ാം വർഷമാണ് 'ടച്ച് - മീ'ക്ക് അതിരൂപതയിൽനിന്നും സമ്മാനങ്ങൾ ലഭിക്കുന്നത്.
- 2024 ജൂൺ മാസത്തിൽ ദൈവാലയത്തിലേക്ക് 1,50,000 രൂപയോളം ചിലവിട്ട് 16 ചാരുബെഞ്ചുകൾ 'ടച്ച് - മീ' എഡിറ്റോറിയൽ ബോർഡ് സമർപ്പിച്ചു.
- 2016 മാർച്ച് മുതൽ റവ. ഫാ. ബിജു ജോസഫ് ആലപ്പാട്ടും, 2019 മാർച്ച് മുതൽ റവ. ഫാ. ക്രിസ്റ്റോൺ പെരുമാട്ടിലും 'ടച്ച് - മീ'യെ നയിച്ചപ്പോൾ, 2021 മാർച്ച് മുതൽ റവ. ഫാ. ദാവീദ് വിതയത്തിലും, ഒരു ചെറിയ ഇടവേളയിൽ റവ. ഫാ. ജോബി പുത്തൂരും.

  2024 മാർച്ച് മുതൽ റവ. ഫാ. ഡെയ്സൺ മുണ്ടോപുറം 'ടച്ച് - മീ' യെ നയിച്ചു കൊണ്ടിരിക്കുന്നു.

'ടച്ച്-മീ'യോട് കാണിച്ച സ്നേഹവും, സഹായവും,
സഹകരണവും, അഭിപ്രായങ്ങളും നിർദ്ദേശങ്ങളും, നല്ലവരായ ഇടവക ജനങ്ങളുടേയും
സ്ഥാപനങ്ങളുടേയും, സുഹൃത്തുക്കളുടേയും ഭാഗത്തുനിന്നും
തുടർന്നും ഉണ്ടാകണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

ടച്ച് മീ
TOUCH ME
എഡിറ്റോറിയൽ ബോർഡ്






**പി. എ. ലില്ലി**
(പ്രിൻസിപ്പാൾ)

## വിശ്വാസ പരിശീലനം

പ്രിയ കുഞ്ഞുങ്ങളേ,

എല്ലാവർക്കും സുഖമല്ലേ? വിശ്വാസപരിശീലനവും അതിനോടനുബന്ധിച്ചുള്ള പരിപാടികളും ഗംഭീരമായി മുന്നേറുന്നതിൽ സന്തോഷം. കഴിഞ്ഞ മാസത്തിൽ കുട്ടിക്കൂട്ടായ്മയുടെ പരിപാടികൾ എല്ലാവരും കണ്ട് ആസ്വദിച്ചല്ലോ. നമ്മുടെ കുട്ടികൾ ഇത്രയും കഴിവുള്ളവരാണെന്നതിൽ തീർച്ചയായും അഭിമാനിക്കാം. അതിന്റെ പങ്കാളികളായ എല്ലാവർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

ഇനി ഓണക്കാലമാണ്. ഓണം ആഘോഷങ്ങളുടെ മാത്രം കാലമല്ല; പരീക്ഷയുടേതും കൂടിയാണ്. നമുക്കും ഒരു മിഡ്-ടേം പരീക്ഷയുണ്ട്. അധ്യാപകർ നിങ്ങളെ അറിയിച്ചുകാണുമെന്നു കരുതുന്നു. പഠിച്ച് നന്നായി പരീക്ഷയെഴുതി നല്ല വിജയം നേടുക.

അതോടൊപ്പം മറക്കരുതാത്ത മറ്റൊരു കാര്യവുമുണ്ട്. വയനാട്. അവിടെ മരണമടഞ്ഞവരും കാണാതായവരും ദുരിതമനുഭവിക്കുന്നവരുമായ സഹോദരങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കുക.

പരിശുദ്ധ മാതാവിന്റെ ജനനത്തിരുനാളിന്റേയും ഓണത്തിന്റേയും ആശംസകൾ നേർന്നുകൊണ്ട്

സ്നേഹത്തോടെ,
ലില്ലിടീച്ചർ

## ആദരാഞ്ജലികൾ



തൃശൂർ അതിരൂപത വൈദികൻ

**റവ. ഫാ. ആന്റോ എടക്കളത്തൂർ അച്ചന്**

കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ഇടവക സമൂഹത്തിന്റേയും, ടച്ച് – മീയുടെയും
ആദരാഞ്ജലികൾ...

## കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ചർച്ച്

# ഇടവക ചെറിയ തിരുനാൾ

### പരി. മാതാവിന്റെ ജനനതിരുനാൾ സെപ്തംബർ 8ന്
### ചിറളയം സെന്റ് മേരീസ് കപ്പേളയിൽ



2024 സെപ്തംബർ 1 ഞായർ - തിരുനാൾ കൊടികയറ്റം
രാവിലെ 6.00ന് : ഇടവക ദൈവാലയത്തിൽ
വൈകീട്ട് 6.30ന് : കപ്പേളയിൽ തിരുനാൾ കൊടികയറ്റം

2024 സെപ്തംബർ 1 മുതൽ 7 വരെ രാവിലെ 6.30ന്
ഇടവക ദേവാലയത്തിൽ തിരുനാളിന് ഒരുക്കമായി
വി. കുർബാന | നേർച്ച വിതരണം

2024 സെപ്തംബർ 1 മുതൽ 7 വരെ വൈകീട്ട് 6.30ന്
സെന്റ് മേരീസ് കപ്പേളയിൽ
ആരാധന | ലദ്ദീഞ്ഞ് | നൊവേന | നേർച്ച വിതരണം

**സെപ്തംബർ 8 ഞായർ - തിരുനാൾ ദിനം**

രാവിലെ 8.45ന് : മാതാവിന്റെ ലദ്ദീഞ്ഞ്, നൊവേന

രാവിലെ 9ന് ഇടവക ദൈവാലയത്തിൽ
ആഘോഷമായ തിരുനാൾ കുർബാനയും, സന്ദേശവും, നേർച്ചവിതരണവും
തുടർന്ന് സെന്റ് മേരീസ് കപ്പേളയിലേക്ക്
ബൈക്ക് റാലിയുടെ അകമ്പടിയോടെ ഛായാചിത്ര എഴുന്നെള്ളിപ്പ്
തുടർന്ന് കപ്പേളയിൽ അടിമ സമർപ്പണം

വൈകീട്ട് 6.30ന് സെന്റ് മേരീസ് കപ്പേളയിൽ
ആരാധനയോടെ തിരുനാൾ വേസ്പര
കുഞ്ഞുമേരിമാരുടെ പ്രസുദേന്തി വാഴ്ച
ആഘോഷമായ ഛായാചിത്ര പ്രയാണം
വർണ്ണമഴ | നേർച്ചഊട്ട് കിറ്റ് വിതരണം



# സഭാ വാർത്തകൾ

**ദിവ്യകാരുണ്യം ഹൃദയത്തിന്റെ വിശപ്പ് ശമിപ്പിക്കുന്ന ഭക്ഷണം**

വത്തിക്കാൻ സിറ്റി: യേശു തന്റെ ശരീരം തന്നെ നൽകി നമ്മെ പരിപോഷിപ്പിക്കുന്ന അത്ഭുതമാണ് ദിവ്യകാരുണ്യമെന്ന് ഫ്രാൻസിസ് മാർപാപ്പ.

പിതാവ് നമുക്ക് നൽകുന്ന ഈ സ്വർഗീയ അപ്പം പുത്രന്റെ ശരീരം തന്നെയാണെന്നും പ്രത്യാശക്കും സത്യത്തിനും രക്ഷക്കും വേണ്ടിയുള്ള ഹൃദയത്തിന്റെ വിശപ്പ് ശമിപ്പിക്കുന്ന ഈ ഭക്ഷണം നമുക്ക് അത്യന്താപേക്ഷിതമാണെന്നും ത്രികാലജപ പ്രാർത്ഥനയോടനുബന്ധിച്ച് നടത്തിയ  പ്രസംഗത്തിൽ പാപ്പ വ്യക്തമാക്കി.

അത്ഭുതത്തോടെയും കൃതജ്ഞതയോടെയും ദിവ്യകാരുണ്യമെന്ന അത്ഭുതത്തെക്കുറിച്ച് ധ്യാനിക്കുവാൻ വത്തിക്കാന്റെ അപ്പസ്തോലിക കൊട്ടാരത്തിൽ നിന്ന് നടത്തിയ പ്രഭാഷണത്തിൽ പാപ്പ വിശ്വാസികളെ ക്ഷണിച്ചു. എല്ലാറ്റിനെയും അതിശയിപ്പിക്കുന്ന സ്വർഗത്തിന്റെ സമ്മാനമാണ് ദിവ്യകാരുണ്യം. യേശു ദിവ്യകാരുണ്യത്തിലൂടെ തന്റെ ജീവൻ നൽകിക്കൊണ്ട് നമ്മെ രക്ഷിക്കുന്നു.

ദിവ്യകാരുണ്യത്തിലൂടെയാണ് ദൈവത്തോടും തമ്മിൽത്തമ്മിലും അനുരഞ്ജിതമായ ജീവിതം നമുക്ക് സാധ്യമായതെന്ന് പാപ്പ കൂട്ടിച്ചേർത്തു.

**സൈനിക ചാപ്ലിനായ വൈദികന് കുത്തേറ്റു**

ഡബ്ലിൻ: അയർലണ്ടിലെ കോ ഗാൽവേയിൽ റെൻമോർ ബാരക്കിന് പുറത്ത് വ്യാഴാഴ്ച രാത്രി സൈനിക ചാപ്ലിനായി സേവനം ചെയ്യുന്ന ഫാ. പോൾ എഫ് മർഫി (52) എന്ന വൈദികന് കുത്തേറ്റു.

കൗണ്ടി വാട്ടർഫോർഡിലെ ട്രാമോറിലെ ഡൺഹില്ലിലും ഫെനോർ ഇടവകയിലും മറ്റിടങ്ങളിലും സേവനം ചെയ്ത ശേഷമാണ് 2013ൽ അദ്ദേഹം ആർമി ചാപ്ലിനായി ഉത്തരവാദിത്വമേറ്റെടുക്കുന്നത്. ഐറിഷ് സൈനികരെ സന്ദർശിക്കാൻ സിറിയയിലേക്കും ലെബനോനിലേക്കും ഉൾപ്പെടെ, നിരവധി വിദേശ യാത്രകൾ ഫാ. മർഫി നടത്തിയിരുന്നു. ലൂർദിലേക്കുള്ള അന്താരാഷ്ട്ര വാർഷിക സൈനിക തീർത്ഥാടനത്തിൽ പ്രതിരോധ സേനയെ നയിച്ചതും ഈ വൈദികനാണ്. അയർലണ്ടിന്റെ പ്രതിരോധ മന്ത്രി മൈക്കൽ മാർട്ടിൻ ആക്രമണത്തെ അപലപിച്ചു. കത്തിയാക്രമണം നടത്തിയ 16കാരനെ പൊലിസ് അറസ്റ്റുചെയ്തു.

# ആയുർവേദ - ഹോമിയോ മെഡിക്കൽ ക്യാമ്പ്






കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവക, കത്തോലിക്ക കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ, ആയുർവേദ മെഡിക്കൽ അസ്സോസിയേഷൻ ഓഫ് ഇന്ത്യ കുന്നംകുളം ഏരിയയുടേയും, കുന്നംകുളം ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയുടേയും സഹകരണത്തോടെ സൗജന്യ ആയുർവേദ - ഹോമിയോ മെഡിക്കൽ ക്യാമ്പ് നടത്തി.

ക്യാമ്പിന്റെ ഉദ്ഘാടനം ഇടവക വികാരി റവ. ഫാ. ഡെയ്സൺ മുണ്ടോപുറം, കത്തോലിക്കാ കോൺഗ്രസ്സ് യൂണിറ്റ് പ്രസിഡണ്ട് സി.ഒ. ആന്റണി എന്നിവർ ചേർന്ന് നിർവ്വഹിച്ചു.

2024 ആഗസ്റ്റ് 11 ഞായറാഴ്ച രാവിലെ 10.30 മുതൽ 1 മണി വരെ സെന്റ് സെബാസ്റ്റ്യൻ ഇടവക പാരിഷ് ഹാൾ സെഹിയോൻ ശാലയിലാണ് ക്യാമ്പ് നടത്തിയത്. ഇടവകാംഗങ്ങളും നാട്ടുകാരും ഉൾപ്പെടെ ഒട്ടനവധി പേർ ക്യാമ്പിൽ പങ്കെടുത്തു

ആയുർവേദ വിഭാഗത്തിൽ ഡോ. ഹനീനി ജോഫി, ഡോ. പൂജ ഫ്രാൻസീസ്, ഡോ. ആതിര സുരേഷ് ബാബു, ഡോ. ആരതി നിധിൻ, ഡോ. ഷംന, ഡോ. സിയ എന്നിവരും, ഹോമിയോ വിഭാഗത്തിൽ ഡോ. ശ്രീജിത്ത് എസ്, ഡോ. നിഖിൽ ജോസ് ഫ്രാൻസീസ്, ഡോ. രമ്യ ജേക്കബ് എന്നിവരാണ് ക്യാമ്പ് നയിച്ചത്.

ഡോക്ടർമാർ നിർദ്ദേശിച്ച ആയുർവേദ-ഹോമിയോ മരുന്നുകൾ ക്യാമ്പിൽ സൗജന്യമായി വിതരണം ചെയ്തു.

ക്യാമ്പിന്റെ ഒരുക്കങ്ങൾക്ക് ഇടവക വികാരി റവ. ഫാ. ഡെയ്സൺ മുണ്ടോപുറം, കത്തോലിക്കാ കോൺഗ്രസ്സ് ഭാരവാഹികളായ സി.ഒ. ആന്റണി, വി.ജെ. സുനിൽ, എം.എൽ. സുനിൽ, എൻ.ജെ. ജെയ്മോൻ എന്നിവർ നേതൃത്വം നൽകി.

ജൂനിയർ സി.എൽ.സി. പംക്തി



# പരിശുദ്ധ മറിയം; മാതൃത്വത്തിന്റെ ഉദാത്ത മാതൃക

മരിയ സുരേഷ്

കരുണാവാരിധിയും അനന്തജ്ഞാനിയുമായ ദൈവത്തിന് ഈ ലോകത്തിന്റെ വീണ്ടെടുപ്പിനായി മനുഷ്യജന്മമെടുക്കുന്നതിനും വചനം മാംസമായിത്തീരാനും ഒരമ്മ വേണം. അതിന് ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവളാണ് പരിശുദ്ധ മറിയം. പരിശുദ്ധ മറിയം, കറയും കളങ്കവും ഇല്ലാത്തവളായി പൂർണ്ണത പ്രാപിച്ചു കഴിഞ്ഞെങ്കിലും അമ്മയുടെ മക്കളായ നാം ഇനിയും പാപത്തെ ജയിച്ച് വിശുദ്ധവഴിയിൽ വളരേണ്ടിയിരിക്കുന്നു. മറിയത്തിന്റെ അമലോത്ഭവം, ദൈവമാതൃത്വം, നിത്യകന്യകാത്വം, സ്വർഗ്ഗാരോപണം എന്നിവയെല്ലാം ദൈവം വെളിപ്പെടുത്തിക്കൊടുത്ത വിശ്വാസ സത്യങ്ങളാകയാൽ അവ കത്തോലിക്കാസഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ പരിപൂർണ്ണ അർത്ഥത്തിൽ മറിയം നമ്മുടെ അമ്മയായി അവളുടെ മക്കളായ നാം അവളിൽ ശരണപ്പെടുകയും അവളുടെ പക്കലേക്ക് തിരിഞ്ഞ് അനുഗ്രങ്ങൾ യാചിക്കുകയും വേണം. നിസ്സഹായവസ്ഥയിൽ നമുക്ക് സഹായവും അഭയവും അഭിഭാഷകയും ഉപകാരിണിയുമായ അമ്മയുടെ അരികെ നമുക്കണയാം.

മനുഷ്യമക്കളോടുള്ള സ്നേഹപാരമ്യം വ്യക്തമാക്കാനാണ് അമ്മയുടെ സ്നേഹത്തോട് തന്നെത്തന്നെ താരതമ്യം ചെയ്യുന്നത്. പകരംവെക്കാൻ പറ്റാത്ത ഒരു പദവിയാണ് അമ്മയ്ക്കുള്ളത്. ദൈവം അമ്മയിൽ ജനിച്ചു അതിനാൽ മറിയത്തിന്റെ ദൈവമാതൃത്വം എല്ലാ സ്ത്രീകൾക്കും ഉദാത്തമാതൃകയാണ്.

പരിശുദ്ധ അമ്മ ധ്യാനജീവിതത്തിന്റെ ഉത്തമമാതൃകയാണ്. പ്രാർത്ഥനയ്ക്ക് ഉണ്ടായിരിക്കേണ്ട ആന്തരിക മനോഭാവം - വിശ്വാസം, ശരണം, ഉപവി തുടങ്ങിയവ ഉൾക്കൊള്ളുന്നതാണ്. ഇവയെല്ലാം ഇവയ്ക്കുള്ള തികവിൽ പരിശുദ്ധ മറിയത്തിൽ കാണുന്നു.

പ്രതികൂല സാഹചര്യത്തിലായിരുന്നാലും വചനം മനസ്സിൽ ധ്യാനിച്ച് വിശുദ്ധിയുള്ള മക്കളായി ആയിരിക്കുന്നിടത്ത് ഈശോയെ കാണിച്ചുകൊടുക്കുവാൻ നമുക്കെല്ലാവർക്കും സാധിക്കട്ടെ.



## അഭിനന്ദനങ്ങൾ

2024 കാലിക്കറ്റ് യൂണിവേഴ്സിറ്റി ബി.എ. ഹിന്ദി പരീക്ഷയിൽ 4-ാം റാങ്ക് നേടിയ സെന്റ് സേവ്യേർ കുടുംബകൂട്ടായ്മ അംഗമായ വടക്കൂട്ട് ജീജോ - മോളി മകൾ

**മെർലിൻ ജീജോയ്ക്ക്**

ടച്ച്-മീയുടേയും ഇടവകയുടേയും അഭിനന്ദനങ്ങൾ

# പ്രതിനിധിയോഗ വാർത്തകൾ


1. യോഗത്തിൽ നടത്തുകൈക്കാരൻ ജോപോൾ വി. ആലപ്പാട്ട് സ്വാഗതം പറഞ്ഞു.
2. ജൂലൈ മാസത്തെ റിപ്പോർട്ടും, വരവ്-ചെലവ് കണക്കും, ഓഡിറ്റ് റിപ്പോർട്ടും വായിച്ചു പാസ്സാക്കി.
3. അതിരൂപതയിൽ സമർപ്പിക്കുന്ന വാർഷിക തെരട്ടും, സി.എ. ഓഡിറ്റ് റിപ്പോർട്ടും അവതരിപ്പിച്ചു പാസ്സാക്കി.
4. സെപ്തംബർ 8ന് ആഘോഷിക്കുന്ന ഇടവക ചെറിയ തിരുനാളിന്റെ രൂപ രേഖ ജനറൽ കൺവീനർ ഫ്ളോറൻസ് ലോയ്ഡ് അവതരിപ്പിച്ചു പാസ്സാക്കി.
5. സംഘടനകളുടേയും കുടുംബകൂട്ടായ്മകളുടേയും ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ട് അവതരിപ്പിച്ചു പാസ്സാക്കി.
6. പള്ളിയിലെ സൗണ്ട് സിസ്റ്റം പുനക്രമീകരിക്കണമെന്ന് അച്ചൻ നിർദ്ദേശിച്ചു.

# പൊതുയോഗ വാർത്തകൾ

1. പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. നടത്തുകൈക്കാരൻ ജോപോൾ വി. ആലപ്പാട്ട് സ്വാഗതം പറഞ്ഞു.
2. കഴിഞ്ഞ വർഷത്തെ വാർഷിക പൊതുയോഗ റിപ്പോർട്ടും, വാർഷിക തെരട്ടും, സി.എ. ഓഡിറ്റ് റിപ്പോർട്ടും, ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ടും വായിച്ച് പാസ്സാക്കി.
3. കൈക്കാരന്മാരുടെ പാനലിലേക്ക് കെ.ജി. ബാബു, രാജു ബി. ചുങ്കത്ത്, പേൾജു ബി. ചുങ്കത്ത്, സി.ആർ. ടോണി, ലിയോൺ ജോർജ്ജ്, സി.എൻ. ഇമ്മാനുവേൽ എന്നിവരെ തെരഞ്ഞെടുത്തു.
4. ഇടവക തിരുനാൾകമ്മിറ്റി ജന. കൺവീനറായി സി.എ. സാന്റിയേയും, ജോ. ജന. കൺവീനറായി അൽഫോൺസ വിൽസനേയും തെരഞ്ഞെടുത്തു.

## കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ

| തിയ്യതി | സമയം | കുടുംബകൂട്ടായ്മ | വസതി |
|---|---|---|---|
| 22-09-2024 | 3.00 pm | സെന്റ് ജോസഫ് | വടക്കൂട്ട് മാത്യു പീറ്റർ (നെഹ്റു നഗർ, 8th അവന്യൂ) |
| 22-09-2024 | 4.00 pm | മേരി മാതാ | പഞ്ഞിമരം ആന്റണി ജോണി (ഇന്ദിര നഗർ, 1st അവന്യൂ, തൃശൂർ റോഡ്) |
| 22-09-2024 | 5.00 pm | സെന്റ് ജോർജ്ജ് | ചൊവ്വല്ലൂർ ജോസഫ് പോൾ (യൂണിയൻ ഹാളിനുസമീപം) |
| 29-09-2024 | 3.00 pm | സെന്റ് ആന്റണീസ് | വടക്കൂട്ട് തമ്പി ഫ്ളോറൻസ് (ചെറുവത്തൂർ റോഡ്) |
| 29-09-2024 | 4.00 pm | സെന്റ് തോമസ് | വലിയവീട്ടിൽ അൽഫോൺസ വിൽസൺ (ചിറളയം, താഴത്തങ്ങാടി) |
| 29-09-2024 | 5.00 pm | സെന്റ് സേവ്യർ | വലിയവീട്ടിൽ തോമ ബാബു (പടിഞ്ഞാറെ അങ്ങാടി) |


1st
Happy Birthday
28-08-2024
Nathaniel
S/o. Midhun & Christina
31
YEARS
ANNIVERSARY
05-09-2024
V.T. Varghese & Baby Varghese
Valiyaveettil House - Vysheri - Kunnamkulam
Best Compliments From : Stephin, Maya, Christina, Midhun, Nihara, Nathaniel

E




| REEMA | JACKSON |
| --- | --- |
| D/o. Mr. C.L. Bhasy & Mrs. Reena Bhasy | S/o. Johnson Olakkengil Sunny & Mrs. Reesa Johnson |
| Chittilappilly House, P.O. Kunnamkulam | Olakkengil House, Hosahali, Bengalurur |


*Sharing the happines : Reeba Jeejo, Jeejo Joy & Shana Mystica*



33
YEARS
ANNIVERSARY
15-09-2024
M.L. Mani
Sheela Mani
Madathiparambil House
Santhi Nagar, Kunnamkulam
Best Wishes :
MANEESH MANI
VARNA MANEESH
MANJISH MANI
ELYZAH HAZEL M.




സ്മരണാഞ്ജലി
19-ാം
ചരമവാർഷികം
10-09-2024
വാകയിൽ കൊച്ചാപ്പു
വർഗ്ഗീസ്
ചിറളയം, കുന്നംകുളം
ഭാര്യ : മറിയാമ്മ
മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ
സന്തപ്തകുടുംബാംഗങ്ങൾ
Harry Joepaul | Jerry Joepaul | Julia Jose | Joffia Jose | Joyal Jose | Janet Joshy | Godwin Manoj | Grace Manoj



# ദൈവത്തിന്റെ തിരുവിഷ്ടം

**ബ്രദർ ജോർജ്ജ് മാർട്ടിൻ മേലേത്ത്**

72 വർഷത്തോളം കത്തോലിക്ക സഭയുടെ ആസ്ഥാനം റോം ആയിരുന്നില്ല. അവിഞ്ഞോൺ ആയിരുന്നു. ഗ്രിഗറി 11-ാമൻ മാർപാപ്പ തിരുസഭയുടെ അധ്യക്ഷനായപ്പോൾ റോമിലേക്ക് തിരിച്ചു പോകാൻ തീരുമാനിച്ചു. പലരും പാപ്പായെ നിരുത്സാഹപ്പെടുത്തി. റോമിലേക്ക് മടങ്ങിയാൽ വിപ്ലവകാരികൾ അദ്ദേഹത്തെ തടവിലിടുകയോ വധിക്കുകയോ ചെയ്യാനിടയുണ്ടെന്ന് മനസ്സിലാക്കി. എങ്കിലും വിശുദ്ധ കാതറിൻ പരിശുദ്ധ പിതാവിനെ ധൈര്യപ്പെടുത്തുകയും റോമിലേക്ക് മടങ്ങുക ദൈവഹിതം തന്നെയാണെന്ന് ബോധ്യപ്പെടുത്തുകയും ചെയ്തു. അങ്ങനെ 1376 സെപ്തംബർ 13-ാം തിയ്യതി അദ്ദേഹം കർദ്ദിനാളന്മാരുടെ സംഘത്തോടൊപ്പം യാത്രപുറപ്പെട്ടു.

യാത്രയ്ക്കിടയിൽ ജനോവയിലെത്തി വിശ്രമിക്കുമ്പോഴാണ് ചില വാർത്തകൾ അവർ അറിഞ്ഞത്. റോമാനഗരം മുഴുവൻ വിപ്ലവച്ചുഴിയിൽ മുങ്ങിത്താണുകൊണ്ടിരിക്കുന്നു. വടക്കൻ ഇറ്റലിയിലെ പേപ്പൽ സൈന്യം തോറ്റ് പിന്മാറി. ചില ശക്തികൾ മാർപാപ്പയെ തടവിലാക്കാനുള്ള സാധ്യതയും ഉണ്ട്. അനന്തര നടപടികളെക്കുറിച്ച് തീരുമാനങ്ങൾ എടുക്കുവാൻ എല്ലാവരും ഒരുമിച്ചുകൂടി. കർദ്ദിനാൾ സംഘത്തിന്റെ അഭിപ്രായം അവിഞ്ഞോണിലേക്ക് തിരിച്ചുപോകണമെന്നായിരുന്നു. ഫ്രഞ്ച് രാജാവിന്റെ അനുഭാവം ഉള്ളതിനാൽ അവിഞ്ഞോൺ എല്ലാം കൊണ്ടും സുരക്ഷിതമാണ്. അതു ന്യായമാണെന്ന മാർപാപ്പയ്ക്ക് തോന്നി. എങ്കിലും എനിക്ക് ആലോചിക്കുവാൻ സമയം വേണം എന്നു പറഞ്ഞുകൊണ്ട് എല്ലാവരേയും ഉറങ്ങുവാൻ വിട്ടു.



## അനുമോദനങ്ങൾ

കുന്നംകുളം നഗരസഭ പരിധിയിൽ
ഏറ്റവും മികച്ച തെങ്ങ് കർഷകനായി
കുന്നംകുളം കൃഷിഭവൻ തെരഞ്ഞെടുത്ത് ആദരിച്ച
സെന്റ് ജോസഫ് കുടുംബകൂട്ടായ്മ അംഗമായ
**ഒലക്കേങ്കിൽ ജോഫി ജോസഫിന്**
ഇടവകയുടേയും, ടച്ച്- മീയുടേയും
അനുമോദനങ്ങൾ

ആ രാത്രിയിൽ തന്നെ മാർപാപ്പ വിശുദ്ധ കാതറിനെ സന്ദർശിച്ചുകൊണ്ട് പറഞ്ഞു; 'റോമിലെ അവസ്ഥ ഏറെ ഭീകരമാണ്. എന്നെ തടവുകാരനാക്കാൻ ഡോയർ പ്രഭു ലക്ഷ്യമിട്ടിരിക്കുന്നു. ഞാൻ അവിടെയെത്തുമ്പോൾ ജനക്കൂട്ടം എന്നേയും കൂടെയുള്ളവരേയും വധിക്കും. അങ്ങനെ സംഭവിച്ചില്ലെങ്കിൽ പോലും സമാധാനം പുനഃസ്ഥാപിക്കുവാൻ ഞാൻ അശക്തനാണ്. അങ്ങനെയൊരു മഹാദൗത്യത്തിന് മതിയാകാത്ത വ്യക്തിയാണ് ഞാൻ.

വി. കാതറിൻ മറുപടിയായി നൽകിയ ഉപദേശം; പരിശുദ്ധ പിതാവേ, അങ്ങയെ അഭിമുഖീകരിക്കുന്ന നിരവധിയായ പ്രശ്നങ്ങളെക്കുറിച്ചും അപകടങ്ങളെക്കുറിച്ചും എനിക്കൊന്നും അറിയില്ല. എന്നാൽ ഒരു കാര്യം എനിക്ക് വ്യക്തമാണ്. വിജയവീക്ഷണത്തിലൂടെ അവയെ വിധിക്കരുത്. വിജയം മറ്റെല്ലാ അനുഗ്രഹങ്ങളും പോലെ ദൈവത്തിൽ നിന്നുള്ളതാണ്. അതിനാൽ വിജയിക്കുമോ പരാജയപ്പെടുമോ എന്നതിനെപ്പറ്റി ചിന്തിക്കേണ്ടതില്ല. ദൈവതിരുമനസ്സ് നിറവേറ്റുക എന്നത് വളരെ പ്രധാനമായ ഒരു സംഗതിയാണ്. ദൈവതിരുമനസ്സ് നിറവേറ്റി ജീവത്യാഗം ചെയ്യുന്നത് അങ്ങയുടെ ഇഷ്ടം അനുസരിച്ച് പ്രവർത്തിച്ച് ജീവിക്കുന്നതിനേക്കാൾ ആയിരം മടങ്ങ് അനുഗ്രഹപ്രദമാണ്.

നമ്മുടെ ജീവിതത്തിലേക്ക് നമുക്ക് വരാം. ദൈവത്തിന്റെ തിരുവുള്ളം അറിയാൻ നാം പരിശ്രമിക്കുന്നുണ്ടോ? എല്ലാത്തിലും ഉപരി ദൈവത്തെ സ്നേഹിക്കാനും ദൈവത്തിന് പ്രീതികരമായത് ചെയ്യുവാനും നാം തയ്യാറാണോ? തിരുവചനത്തിലൂടേയും വിശുദ്ധ ഗ്രന്ഥവും തിരുസഭയും നൽകുന്ന ബോധ്യങ്ങൾ വഴിയും നമുക്ക് ഈശോയുടെ ഹിതം മനസ്സിലാക്കാൻ കഴിയും. പലപ്പോഴും നമ്മുടെ മനസാക്ഷിയും ഇതു മനസ്സിലാക്കാൻ നമ്മെ സഹായിക്കും.

വിശുദ്ധ ഫ്രാൻസീസ് മാനസാന്തരപ്പെട്ടതിന് ശേഷം ദൈവം ഫ്രാൻസീസിനോട് പറഞ്ഞു; നാശത്തിലേക്ക് പതിക്കുന്ന എന്റെ ദൈവാലയം പണിതുയർത്തുവിൻ. തിരുസഭയാകുന്ന ദൈവാലയം ആണെന്ന് ഫ്രാൻസീസിന് മനസ്സിലായില്ല.

ഏശയ്യാ 54:8 കർത്താവ് അരുളിചെയ്യുന്നു. എന്റെ ചിന്തകൾ നിങ്ങളുടേതുപോലെയല്ല; നിങ്ങളുടെ വഴികൾ എന്റേതുപോലെയുമല്ല. കർത്താവിന്റെ വഴികൾ മനസ്സിലാക്കാൻ ചിലപ്പോഴൊക്കെ ബുദ്ധിമുട്ടായിരിക്കാം. നമ്മുടെ ജീവിതത്തിൽ നമ്മുടെ കഴിവുകളും അധ്വാനവും സമയവും എല്ലാം അവിടുത്തെ രാജ്യത്തിന്റെ ഉന്നമനത്തിന് വേണ്ടി വിനിയോഗിക്കാം.

നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും. – മത്താ. 6:33



# ഞാൻ ഏകനല്ല

**റീന ടീച്ചർ**

ഏകാന്തത, ഇന്ന് പലരുടേയും ജീവിതത്തിൽ നേരിടുന്ന ഒരു
വലിയ പ്രശ്നമായി മാറിക്കഴിഞ്ഞു. കൂട്ടുകുടുംബത്തിൽ നിന്ന്
അണുകുടുംബമായി മാറിയപ്പോൾ, അത് വീണ്ടും കുറഞ്ഞ്, മാതാ
പിതാക്കൾ മാത്രം അവശേഷിക്കുന്ന വീടുകളായും, ഒരാൾ മരണ
പ്പെട്ടാൽ അല്ലെങ്കിൽ അവർ ഒറ്റപ്പെട്ടു പ്രായമാകുമ്പോൾ, മക്കൾ
വൃദ്ധസദനങ്ങളെ ആശ്രയിച്ച് വീടുകളിൽ ആരേയും അവശേഷിപ്പി
ക്കാതെ, മറ്റു രാജ്യങ്ങളിലേക്ക് കുടിയേറിപാർക്കുന്ന പ്രവണത
നമ്മുടെ നാട്ടിൽ ഇപ്പോൾ സാധാരണമായി എന്നത് ഏറ്റവും വേദനാ
ജനകമാണ്. എന്നാൽ നമ്മെ ഓരോരുത്തരേയും സ്വന്തം ഛായയിൽ
സൃഷ്ടിച്ചതിനാൽ ഒറ്റപ്പെടുത്താൻ ദൈവവും കർത്താവുമായ
നമ്മുടെ ജീവനായ ഈശോയ്ക്ക് ആകുമോ? ഇതെല്ലാം മുൻകൂട്ടി
അറിയാവുന്ന വചനമായ ഈശോ, സുവിശേഷത്തിലൂടെ അവി
ടുത്തെ അസ്തമിക്കാത്ത സ്നേഹം വ്യക്തമാക്കി തന്നിട്ടും അത് മന
സ്സിലാക്കാനോ അനുഭവിക്കാനോ കഴിയാതെ പോകുന്നത് ഹാ!
കഷ്ടം! എന്നല്ലാതെ എന്ത് പറയാൻ. ആകയാൽ ക്രിസ്ത്യാനി
ഇനിയും ഈശോയിൽ വിശ്വസിച്ച് ആ സ്നേഹത്തെ അനുഭവി
ക്കാൻ പരിശ്രമിച്ച് ഏകാന്തതയിൽ നിന്ന് ശക്തിയുക്തം ഉണർന്നെഴു
ന്നേല്ക്കുക. "കർത്താവേ എന്റെ ശക്തിയുടെ ഉറവിടമേ ഞാൻ
അങ്ങയെ സ്നേഹിക്കുന്നു" (സങ്കീ: 18.1) എന്ന വചനം ഉള്ളിൽ
ഏറ്റെടുക്കുമ്പോൾ നശ്വരമായ ഏത് സ്നേഹവും, അഥവാ നില
നിൽക്കാത്ത ഒരു സ്നേഹവും എനിക്ക് വേണ്ട എന്നും, ഞാൻ ഏക
നല്ലെന്നുമുള്ള ബോധ്യത്തിലേക്ക് ഈശോ നമ്മെ നയിക്കുന്നതും,
നാം ശക്തിപ്പെടുന്നതും ഹൃദയമാകുന്ന സക്രാരിയിലെ ഈശോ
വഴി ആത്മാവ് സന്തോഷിക്കുന്നതും നമുക്ക് അനുഭവിക്കാം.

ഈശോ പറയുന്നു "ഞാൻ പിതാവിനോട് അപേക്ഷിക്കു
കയും എന്നേക്കും നിങ്ങളോടുകൂടെ ആയിരിക്കാൻ മറ്റൊരു സഹാ
യകനെ അവിടുന്ന് നിങ്ങൾക്ക് തരികയും ചെയ്യും, "അവൻ നിങ്ങ
ളോടൊത്ത് വസിക്കുന്നു, നിങ്ങളിൽ ആയിരിക്കുകയും ചെയ്യും"
"ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല, ഞാൻ നിങ്ങളുടെ അടു
ത്തേക്ക് വരും" "ഞാൻ ജീവിക്കുന്നു, അതിനാൽ നിങ്ങളും
ജീവിക്കും" "നിങ്ങൾ എന്നിലും ഞാൻ നിങ്ങളിലുമാണെന്ന് അറി
യുക" "നിങ്ങൾ എന്നിൽ വസിക്കുവിൻ, ഞാൻ നിങ്ങളിലും
വസിക്കും" തന്റെ മരണശേഷം ശിഷ്യന്മാർ, ഏകാന്തതയും ഒറ്റപ്പെ
ടലും അനുഭവിക്കാൻ പോകുന്നു എന്ന് മനസ്സിലാക്കിയ ഈശോ,

അവരെ ആശ്വസിപ്പിക്കുന്നതിങ്ങനെയാണ്: “നിങ്ങൾ ഓരോരുത്തരും തന്താങ്ങളുടെ വഴിക്കു ചിതറിക്കപ്പെടുകയും എന്നെ ഏകനായി വിട്ടുപോവുകയും ചെയ്യും, എന്നാൽ ഞാൻ ഏകനല്ല, കാരണം പിതാവ് എന്നോട് കൂടെയുണ്ട്” (യോഹ: 16:32) “ആകയാൽ നിങ്ങൾ എന്നിൽ സമാധാനം കണ്ടെത്തണം. ലോകത്തിൽ നിങ്ങൾക്ക് ഞെരുക്കം ഉണ്ടാകും. എങ്കിലും ധൈര്യമായിരിക്കുവിൻ. ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു” (യോഹ: 16:33)

പ്രിയ സഹോദരരേ, ഏതെല്ലാം കാര്യങ്ങളിലാണ് യേശു ലോകം കീഴടക്കിയത്. പ്രധാനമായും രണ്ടു കാര്യങ്ങളാണ്. ശരീരം, പിശാച്, ശരീരത്തിന്റെ മേലും പിശാച് അനുവദിക്കുന്ന പല അവസ്ഥകളുടെ മേലും, നമ്മെ നിയന്ത്രിക്കാൻ നമുക്ക് കഴിഞ്ഞാൽ നമുക്കും ഈ ലോകത്തിലെ തിന്മകൾക്കെതിരെ, ശക്തമായി പൊരുതി കീഴടക്കാൻ കഴിയും. വിശുദ്ധ പൗലോസ് ശ്ലീഹാ എഫേസോസ്കാർക്ക് എഴുതിയ ലേഖനത്തിൽ, ആത്മീയ സമരത്തെക്കുറിച്ച് നമുക്ക് വ്യക്തമാക്കി തരുന്നുണ്ട്. “സാത്താന്റെ കുടില തന്ത്രങ്ങളെ എതിർത്തുനിൽക്കാൻ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ. “സത്യം”കൊണ്ട് അരമുറുക്കി “നീതി”യുടെ കവചം ധരിച്ച് “സമാധാനത്തിന്റെ പാദരക്ഷകൾ അണിഞ്ഞ് “വിശ്വാസ”ത്തിന്റെ പരിചയെടുത്ത്, “രക്ഷ”യുടെ പടത്തൊപ്പി അണിഞ്ഞ് “ദൈവവചനം” ആകുന്ന ആത്മാവിന്റെ വാളെടുത്ത്. തിന്മയുടെ ദുരാത്മാക്കൾക്കെതിരെ പടവെട്ടി ലോകത്തെ ജയിച്ച് മുന്നേറണം. ഇതിനായി നാം ചെയ്യേണ്ടത് ഒന്നുമാത്രം, പ്രാർത്ഥനയിലൂടേയും കൃതജ്ഞതാ സ്തോത്രങ്ങളിലൂടേയും ഈശോയോട് ചേർന്ന് നിൽക്കുക.

ഈശോയുമായി ഒരു അഭേദ്യമായ ബന്ധം സ്ഥാപിക്കുന്നതിന് പറ്റിയ ഏറ്റവും ഉത്തമമായ മാർഗം പരിശുദ്ധ അമ്മ തന്നെയാണ്. അമ്മയാണ് 30 വർഷം നമ്മുടെ ദിവ്യകാരുണ്യമായ ഈശോയെ വളർത്തിയത്. അമ്മയും മകനും തമ്മിലുള്ള ബന്ധത്തേക്കാൾ വലിയ ബന്ധമില്ലെന്ന് നമുക്കറിയാം. അതിനാൽ തിന്മയുടെ ശക്തികളെ എതിർത്ത് തോൽപ്പിക്കാൻ ജപമാല എന്ന പ്രാർത്ഥനയിലൂടെ, അമ്മയും നമ്മുടെ ആത്മീയ സമരത്തിൽ നമ്മോടൊപ്പം പങ്കുചേരുന്നു. അമ്മയോടൊപ്പം പ്രാർത്ഥിച്ച ശ്ലീഹന്മാർ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ശക്തിപ്പെട്ടതുപോലെ നാമും തിന്മക്കെതിരെ പ്രതികരിക്കാൻ ശക്തിയുള്ളവരാകുന്നു. ഉത്തരീയം ധരിക്കുക വഴി അമ്മയുടെ സംരക്ഷണവും നമുക്ക് ലഭിക്കുന്നു. അതിനാൽ പ്രിയ സഹോദരരേ, നമുക്ക് ഏറ്റവും വിശ്വസ്തനും സ്നേഹിതനുമായ, വചനമായ ഈശോയൊടൊപ്പം ജീവിക്കാം. അതിനായി പരിശുദ്ധ അമ്മയുടെ സഹായം അപേക്ഷിക്കുകയും ചെയ്യാം.



# മാലാഖമാർ

സിസ്റ്റർ ജെസ്റ്റിന CMC

ദൈവത്തിന്റെ അദൃശ്യമായ സൃഷ്ടികളാണ് മാലാഖമാർ. മാലാഖമാർ അശരീരികളാണ്. അരൂപികളാണ്. ആത്മീയ സത്തകളുടെ വിഭാഗമാണ്. അദൃശ്യരായിട്ടുള്ള മാലാഖമാർ. ഈ മാലാഖമാർ ലോകത്തിൽ സന്നിഹിതരായിരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുണ്ടെങ്കിലും അവർ യഥാർത്ഥത്തിൽ ദൃശ്യലോകത്തിന്റേതല്ല. ദൈവം തിരുമനസ്സാകുമ്പോൾ മാത്രം അവർ നമുക്ക് ദൃശ്യരായിത്തീരുന്നു. ദൈവസൃഷ്ടികളായ ഇവർ ദൈവത്തോടുകൂടെയായിരിക്കുന്നു. ദൈവത്തിനുവേണ്ടി നിലനിൽക്കുന്നു. മാലാഖമാർ തേജസുറ്റവരും അനന്തശക്തിയുള്ളവരുമാണ്.

**മാലാഖമാർ സഭയിൽ**

കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ നിന്നുള്ള ഭാഗം (332) പറയുന്നു. സഭയുടെ മുഴുവൻ ജീവിതത്തിനും മാലാഖമാരുടെ നിഗൂഢവും സുശക്തവുമായ സഹായം ലഭിക്കുന്നുണ്ട്. കത്തോലിക്കാ സഭയുടെ പ്രബോധനം (നമ്പർ 328) "മാലാഖമാരെന്നു വിളിക്കുന്ന അരൂപികളും അശരീരികളായ സൃഷ്ടികളുമുണ്ട്" എന്നത് ഒരു വിശ്വാസസത്യമാണ് (നമ്പർ 352)". സഭയുടെ ഭൗമീക തീർത്ഥാടനത്തിൽ അവളെ സഹായിക്കുന്നവരും ഓരോ മനുഷ്യനെയും സംരക്ഷിക്കുന്നവരുമായ മാലാഖമാരെ സഭ വണങ്ങുന്നു. സഭയുടെ ആരാധനാ ക്രമത്തിൽ പരമപരിശുദ്ധ ദൈവത്തെ ആരാധിക്കുന്നതിൽ മാലാഖമാരോട് സഭ ഒത്തുചേരുന്നു. അവൾ അവരുടെ സഹായം അഭ്യർത്ഥിക്കുന്നു. മൃതസംസ്കാരത്തിൽ പ്രാർത്ഥിക്കുന്നത് ഇപ്രകാരമാണ്. മാലാഖമാർ നിന്നെ പറുദീസായിലേക്ക് നയിക്കട്ടെ എന്നാണ്. ഒരു വ്യക്തി നല്ലമരണം കൈവരിക്കുമ്പോൾ മാലാഖമാർ വന്ന് എതിരേറ്റ് സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകുന്നുവെന്ന് നാം വിശ്വസിക്കുന്നു. ചെന്തീപോലൊരു മാലാഖ മരണസമയം വരുമെന്ന് പ്രാർത്ഥനയിൽ നാം അനുസ്മരിക്കുന്നു.

**1. മിഖായേൽ മാലാഖ**

ഒന്നാമത്തെ മാലാഖ മുഖ്യമാലാഖയായ മിഖായേൽ. ന്യായവിധി നാളിലെ മുഖ്യകാര്യവിചാരകൻ മിഖായേലാണ്. ദൈവജനത്തെ പിശാചിന്റെ കയ്യിൽനിന്നും അവൻ രക്ഷിക്കുകയും പരീക്ഷാവേളയിൽ സഹായിക്കുകയും ചെയ്യുന്നു. അവസാനത്തെ യുദ്ധത്തിൽ സാത്താനേയും, അവന്റെ അന്ധകാര ശക്തിസേനയേയും മിഖായേലും ദൂതന്മാരും ചേർന്ന് ബന്ധിച്ച്, പാതാളത്തിലേക്ക് വലിച്ചെറിയും. ഇന്നും ദൈവരാജ്യം ദൈവമക്കൾക്കു നൽകുവാൻ സാത്താനോടും അവന്റെ ദുഷ്ടാത്മ സേനകളോടുമുള്ള പോരാട്ടത്തിലാണ് മിഖായേൽ. യേശുക്രിസ്തുവിന്റെ രണ്ടാമത്തെ

വരവിൽ പ്രധാന ദൂതനായ മിഖായേൽ കാഹളം മുഴക്കും (1 തെസ 4:16) സഭാ സംരക്ഷകനാണ് മിഖായേൽ. സഭയെ തിന്മയുടെ ശക്തികളിൽനിന്ന് മോചിപ്പിക്കുന്നു. ആത്മാക്കളെ സ്വർഗ്ഗത്തിലേക്ക് കൂട്ടികൊണ്ടുപോകുന്നതും പാതാളത്തിലിറങ്ങി ബന്ധിതാത്മാക്കളെ മോചിപ്പിക്കുന്നതും മിഖായേലും അവന്റെ സൈന്യവുമാണ്.

**2. ഗബ്രിയേൽ മാലാഖ**


ദൈവത്തിന്റെ ശക്തി ധരിക്കുന്നതിനുള്ള കർത്തവ്യമാണ് വിശുദ്ധ ഗബ്രിയേലിന് നല്കപ്പെട്ടിരിക്കുന്നത്. സാത്താന്റെ ഏറ്റവും അപകടകരമായ കുരുക്കിനെതിരെ അതായത് നമ്മെ ദുർബലമാക്കുകയും നിരാശയിലേക്കും ക്ഷീണത്തിലേക്കും ആനയിക്കുന്ന കെണികൾക്കെതിരെ ഗബ്രിയേൽ യുദ്ധം ചെയ്യുന്നു. ദൈവത്തിന്റെ ശക്തി അണിയിച്ചുകൊണ്ട് കൊണ്ട് ധൈര്യപ്രതീക്ഷയിൽ നമ്മെ വളർത്തുന്നു. അനുദിനം ധീരതയോടെ വീരോചിതവും നിർമ്മലവുമായ വിശ്വാസത്തിന്റെ പാതയിലൂടെ നമ്മെ സഹായിക്കുന്നു. ദൈവത്തിന്റെ 'സന്ദേശവാഹകൻ' എന്നാണ് ഈ മാലാഖ അറിയപ്പെടുന്നത്.

**3. റഫായേൽ മാലാഖ**

മൂന്നാമത്തെ മുഖ്യദൂതൻ റഫായേൽ എന്നു വിളിക്കപ്പെടുന്നു. (തോബിത്ത് 12:15-20). എപ്പോഴും കാവലും പരിചരണവും സംരക്ഷണവും ആവശ്യമായിരിക്കുന്നവരായ ദൈവത്തിന്റെ മക്കളെ മാലാഖാരുടെ കാവലിന് ഏൽപ്പിക്കുന്നവനാണ് ഈ മാലാഖ. ഇന്നും റഫായേൽ മാലാഖ ഏവർക്കും. സഹയാത്രികനായി പ്രവർത്തിക്കുന്നു. ഈ മാലാഖ കാവൽ മാലാഖമാരുടെ നായകനാണ്. വഞ്ചന നിറഞ്ഞ ഈ ലോകത്തിൽ ജീവിക്കുന്ന മനുഷ്യമക്കൾക്ക് പാപകരമായ പല സാഹചര്യങ്ങളിലും മുറിവേൽക്കുന്നു. ആത്മീയ മുറിവുകളെ സുഖപ്പെടുത്തുന്നതിനാവശ്യമായ ലേപനവുമായി റഫായേൽ മാലാഖ ഇന്നും നമ്മെ സഹായിക്കുന്നു.

**4. കാവൽ മാലാഖമാർ**

ദൈവത്തിന്റെ മക്കളെ സംരക്ഷിക്കുന്നു. അപകടങ്ങളിൽപ്പെടാതെ വഴി നടത്തുന്നു. ദൈവത്തിന്റെ മുഖം സദാസമയം കണ്ടുകൊണ്ടിരിക്കുന്നു. മനുഷ്യന്റെ വേദനയും ദുഃഖവുമെല്ലാം ദൈവസന്നിധിയിലെത്തിക്കുന്നു. ദൈവീകാനുഭവങ്ങൾ മനുഷ്യനുനൽകുന്നു. അവർ എപ്പോഴും സഹയാത്രികരായി കൂടെ നടന്ന് നമ്മെ കാത്തുപരിപാലിക്കുകയും അപകടങ്ങളിൽനിന്ന് സംരക്ഷിക്കുകയും തെറ്റായ ഉദ്യമങ്ങളിൽ നിന്ന് പിൻതിരിപ്പിക്കുകയും ദുഃഖദുരിതങ്ങളിലൂടെ കടന്നുപോകുമ്പോൾ നമ്മെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. ദൈവത്തിന്റെ തിരുമുഖത്തിനു മുമ്പിൽ നമ്മുടെ ആവശ്യങ്ങളും നെടുവീർപ്പുകളും മാലാഖ സമർപ്പിക്കുന്നു. വി. മത്തായി 18:10-11 പറയുന്നതുപോലെ കാവൽമാലാഖമാരുടെ മാദ്ധ്യസ്ഥം വളരെ ശക്തിയുള്ളതാണ്.



# ന്യൂമോണിയ

ഡോ. പോൾ സി. റാഫേൽ

കോവിഡ് കാലഘട്ടം കഴിഞ്ഞ് നമ്മൾ ഇപ്പോൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് നിരന്തരമായ ശ്വാസകോശ രോഗങ്ങൾ. ഇന്ത്യയിൽ ഹൃദയസംബന്ധമായ മരണങ്ങൾ കഴിഞ്ഞാൽ ന്യൂമോണിയ ഉൾപ്പെടെയുള്ള ശ്വാസകോശ രോഗങ്ങളാണ് രണ്ടാമത്തെ മരണകാരണമായി നിലനില്ക്കുന്നത്. വൃദ്ധജനങ്ങളിലും പ്രതിരോധ ശക്തി കുറഞ്ഞവരിലും ന്യൂമോണിയയാണ് ഒന്നാമത്തെ മരണകാരണം. ശ്വാസകോശങ്ങളിൽ ബാക്ടീരിയ, വൈറസ്, ഫംഗസ് മൂലമുണ്ടാകുന്ന അസുഖത്തിനാണ് ന്യൂമോണിയ എന്ന് പറയുന്നത്.

പ്രായോഗികമായി പനി, ചുമ, നെഞ്ചുവേദന, ശ്വാസംമുട്ടൽ തുടങ്ങിയ ലക്ഷണത്തോടൊപ്പം നെഞ്ചിന്റെ Xray യിൽ നീർവീഴ്ചയുടെ ലക്ഷണങ്ങളും ഉണ്ടെങ്കിൽ മാത്രമേ ന്യൂമോണിയ എന്നു നിർവ്വചിക്കാനാകൂ. പ്രായമായവരിലും കുട്ടികളിലും ലക്ഷണങ്ങൾ കുറവാണെങ്കിലും സ്ഥിതി അതീവ ഗുരുതരമാവുകയും മരണം വരെ സംഭവിക്കുകയും ചെയ്യാം.

**ലക്ഷണങ്ങൾ** : പനിയാണ് ന്യൂമോണിയയുടെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷണം. ബാക്ടീരിയ ന്യൂമോണിയയ്ക്ക്, പൊടുന്നനെ ഉണ്ടാകുന്ന ശക്തമായ പനിയും, കുളിരും, വിറയലും പ്രധാന ലക്ഷണങ്ങളാണ്. രോഗം ബാധിച്ച നെഞ്ചിന്റെ ഭാഗത്ത് ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും ശ്വാസം നീട്ടിവലിക്കുമ്പോഴും ഉണ്ടാകുന്ന സൂചികുത്തുന്നതുപൊലെയുള്ള നെഞ്ചുവേദന വളരെ പ്രത്യേകതയേറിയ ലക്ഷണമാണ്. കഫത്തോടുകൂടിയോ അല്ലാതെയോ ഉണ്ടാകുന്ന ചുമയാണ് ന്യൂമോണിയയുടെ ആദ്യ ലക്ഷണം. മഞ്ഞ, വെള്ള

## ഞങ്ങൾ ഒന്നായി




- ഈ ഇടവക സെന്റ് ജോസഫ് കുടുംബകൂട്ടായ്മ
  എടപ്പിള്ളി രാജു + ഷീജ മകൻ **ക്ലിന്റോ രാജ്**
  ഇരിങ്ങാലക്കുട രൂപത
  പനങ്കുളം ജെയ്സൺ + സിനി മകൾ **അനഘ ജെയ്സൺ**
- ഈ ഇടവക സെന്റ് ജോസഫ് കുടുംബകൂട്ടായ്മ
  ചിറ്റിലപ്പിള്ളി ഭാസി + റീന മകൾ **റീമ**
  ബംഗലൂരു രൂപത
  ഒലക്കേങ്കിൽ ജോൺസൺ + റീസ മകൻ **ജാക്സൺ**
- ഈ ഇടവക സെന്റ് തോമസ് കുടുംബകൂട്ടായ്മ
  അക്കര ജോസ് + സിൻസി മകൾ **ആലിസ് ട്രീസ**
  പാലാ രൂപത
  കൂറ്റനാൽ ജോസഫ് + ത്രേസ്യാമ്മ മകൻ **ടോം**

രക്തം കലർന്ന നിറം തുടങ്ങിയ തരത്തിലുള്ള കഫം ഉണ്ടാകാം. പത പോലെയുള്ള രക്തം കലർന്ന കഫം ന്യൂമോണിയയുടെ ഒരു സുപ്രധാന ലക്ഷണമാണ്. ന്യൂമോണിയയുടെ അന്തിമഘട്ടങ്ങളിലും വ്യാപകമായ ന്യൂമോണിയയുടെ ആദ്യഘട്ടങ്ങളിലും ശ്വാസംമുട്ടൽ അഥവാ വിമ്മിഷ്ടം ഒരു രോഗലക്ഷണമാണ്. തുടക്കത്തിൽ വേഗതയിൽ നടക്കുമ്പോഴും പടികയറുമ്പോഴും ആയാസ ജോലികൾ ചെയ്യുമ്പോഴും മാത്രമേ ഈ ലക്ഷണം അനുഭവപ്പെടുകയുള്ളൂ. ന്യൂമോണിയയോടൊപ്പം അപൂർവ്വമായി ശ്വാസകോശത്തിന്റെ ആവരണത്തിലുണ്ടാകുന്ന വെള്ളക്കെട്ട് ഈ ലക്ഷണത്തിന് ഒരു കാരണമാകാം. കൂടാതെ സാധാരണ ശാരീരക അസ്വസ്ഥതകളായി ക്ഷീണം, വിശപ്പില്ലായ്മ, ഉന്മേഷം ഇല്ലായ്മ എന്നിവയും ഉണ്ടാകാം.

**ചികിത്സ** : രോഗപരിശോധനാ ഫലങ്ങളെ അടിസ്ഥാനമാക്കിയുള്ള ആന്റിബയോട്ടിക് ചികിത്സയാണ് ഏറ്റവും പ്രധാനപ്പെട്ട ചികിത്സാമാർഗ്ഗം. ഗുരുതരമായ രോഗമുള്ളവർക്കും, മാരകമാകാൻ സാധ്യതയുള്ള രോഗികളേയും ആശുപത്രിയിൽ കിടത്തി ഇത് ഇൻജെക്ഷൻ ആയി നൽകേണ്ടിവരും. ശ്വാസംമുട്ടൽ ഉണ്ടെങ്കിൽ ഓക്സിജൻ നൽകേണ്ടിവന്നേക്കാം. വേദനയുണ്ടെങ്കിൽ വേദന സംഹാരികളും കഫം അലിഞ്ഞു പോകാനുള്ള മരുന്നുകളും കൊടുക്കാറുണ്ട്. നിർജ്ജലീകരണം തടയാനായി ധാരാളം വെള്ളം കുടിക്കുകയും അതിനു സാധ്യമല്ലെങ്കിൽ ഐ.വി. ഫ്ളൂയിഡ് നൽകേണ്ടിവരും. പനി ശമിച്ചു കഴിഞ്ഞാൽ മരുന്നുകൾ ഗുളികരൂപത്തിൽ നൽകാം. ചിലതരം രാസവസ്തുക്കൾ ശ്വസിച്ച് നെഞ്ചിൽ പോയാലും ശ്വാസകോശത്തിന് ഉണ്ടാകുന്ന നീർവീഴ്ചക്ക് കെമിക്കൽ ന്യൂമോണിയ എന്നു പറയാം. ഇതിനും സമാന ലക്ഷണങ്ങളാണ്. ഫിസിക്കൽ രൂപത്തിലുള്ള (ഉദാ Xray, റേഡിയേഷൻ) ആഘാതങ്ങളും ന്യൂമോണിയയ്ക്ക് സമാനമായ രോഗാവസ്ഥ മനുഷ്യരിൽ ഉണ്ടാക്കാം.

## ഞങ്ങൾ യാത്രയായ്



**വടക്കൂട്ട് മാത്യു ജോണി** (76 വയസ്സ്)

03 – 08 – 2024

(മേരിമാതാ കുടുംബകൂട്ടായ്മ)



**തലക്കോട്ടൂർ റാഫേൽ ലൂയീസ്** (87വയസ്സ്)

04 – 08 – 2024

(സെന്റ് ജോസഫ് കുടുംബകൂട്ടായ്മ)




**ചക്രമാക്കിൽ ജോണി ഭാര്യ മേരി** (90 വയസ്സ്)

23 – 08 – 2024

(സെന്റ് സേവ്യർ കുടുംബകൂട്ടായ്മ)

# രണ്ടാം ചരമവാർഷികം

11-09-2024



ജനനം
04 - 06 - 1963

## വലിയവീട്ടിൽ ജോണി

# വിൽസൻ

ചിറളയം

മരണം
11 - 09 - 2022

ദുഃഖസ്മരണകളോടെ...

**അൽഫോൻസ്, വിജോൺ, വിജിൻ, വിസ്മയ**



# സ്മരണാഞ്ജലി

**8-ാം ചരമവാർഷികം**
05-09-2024

## മുട്ടത്ത് റപ്പായി
## ജോസ്

സന്തപ്ത കുടുംബാംഗങ്ങൾ

ഭാര്യ : റോസി
മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ

# സ്മരണാഞ്ജലി





| ചാഴൂർ പൗലോസ് | ചാഴൂർ മത്തായി ഭാര്യ |
| --- | --- |
| **മത്തായി** | **മേരി** |
| ജനനം 07 – 12 – 1939 | ജനനം 29 – 02 – 1940 |
| മരണം 07 – 08 – 2018 | മരണം 23 – 09 – 2018 |

ചിറളയം - കുന്നംകുളം

സ്നേഹസ്മരണകളോടെ : ദുഃഖാർത്തരായ കുടുംബാംഗങ്ങൾ

# സംഘടനാ വാർത്തകൾ

**അൾത്താര സംഘം**

* ആഗസ്റ്റ് 4 ഞായർ രാവിലെ 7.30ന് വിയാനി ഡേ ആചരിച്ചു. നൊവേനയും പുഷ്പാർച്ചനയും നടത്തി.
* ആഗസ്റ്റ് 10 ശനിയാഴ്ച വൈകീട്ട് 6 മണിക്ക് അൾത്താര സംഘദിനവും കുടുംബസംഗമവും നടത്തി.
* ആഗസ്റ്റ് 13 ചൊവ്വാഴ്ച രാവിലെ വി. ജോൺ ബെർക്കുമൻസ് തിരുനാൾ ആഘോഷിച്ചു. തിരുനാൾ കുർബാനയും കാരുണ്യസമർപ്പണവും നേർച്ച വിതരണവും തുടർന്ന് പതാക വന്ദനവും അംഗത്വ നവീകരണവും നടത്തി.

**ആത്മായ പ്രേഷിത സമിതി**

* ആഗസ്റ്റ് 9 വെള്ളിയാഴ്ച വൈകീട്ട് 5.30ന് വി. സെബസ്ത്യാനോസിന്റെ ലദ്ദീഞ്ഞ്, നൊവേന, ദിവ്യകാരുണ്യ പ്രദക്ഷിണവും നടത്തി. ആഘോഷമായ വി. കുർബാനക്ക് ശേഷം സ്നേഹോപകാരസമർപ്പണവും തിരുആട സമർപ്പണവും നേർച്ചഊട്ടും ഉണ്ടായിരുന്നു.

**യൂത്ത് സി. എൽ. സി.**

* യൂത്ത് സി.എൽ.സി.യുടെ നേതൃത്വത്തിൽ കാരുണ്യ സമർപ്പണത്തിന്റെ ഭാഗമായി അലിവ് 2൦24 എന്നപേരിൽ മൂന്ന് ഘട്ടങ്ങളായി നടത്തപ്പെട്ടു.
* ആഗസ്റ്റ് 15 വ്യാഴാഴ്ച യൂത്ത് സി.എൽ.സി. ദിനത്തോടനുബന്ധിച്ച് പതാകവന്ദനവും കാഴ്ചസമർപ്പണവും നടത്തി. തുടർന്ന് കതിരൊളി സപ്ലിമെന്റ് പ്രകാശനവും വൈകീട്ട് യൂത്ത് സി.എൽ.സി. ദിനം പൊതുയോഗവും, മെറിറ്റ് ഡേയും ആഘോഷിച്ചു.

**ജൂനിയർ സി. എൽ. സി.**

* ആഗസ്റ്റ് 15 വ്യാഴാഴ്ച ദേശീയ പതാക വന്ദനം നടത്തി.
* ആഗസ്റ്റ് 25 ഞായറാഴ്ച മരിയൻ സൈക്കിൾ റാലി നടത്തി.

**കത്തോലിക്കാ കോൺഗ്രസ്സ്**

* കത്തോലിക്കാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 11 ഞായറാഴ്ച രാവിലെ 10.30 മുതൽ ഉച്ചക്ക് 1 മണി വരെ സൗജന്യ ആയുർവേദ - ഹോമിയോ മെഡിക്കൽ ക്യാമ്പ് നടത്തി. ആഗസ്റ്റ് 25 ഞായറാഴ്ച കത്തോലിക്കാ കോൺഗ്രസ്സ് ദിനാചരണത്തിന്റെ ഭാഗമായി കുടുംബകൂട്ടായ്മകൾക്കായി കേരംസ് ടൂർണമെന്റും നടത്തുകയുണ്ടായി.

**പ്രാർത്ഥനാ ഗ്രൂപ്പ്**

* ആഗസ്റ്റ് 9 വെള്ളിയാഴ്ച ഒൻപതാം വെള്ളിയാചരണത്തിന്റെ ഭാഗമായി ഒൻപത് മണിക്കൂർ ആരാധനയും അഖണ്ഡജപമാലയും കുമ്പസാരവും നടത്തപ്പെട്ടു.
* വി. ഏവുപ്രാസ്യമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ആഗസ്റ്റ് 29 വ്യാഴാഴ്ച രാവിലെ തിരുനാൾ കുർബാനയും നേർച്ച വിതരണവും ഉണ്ടായിരുന്നു. വൈകീട്ട് 6 മണിക്ക് സമർപ്പിത സംഗമവും നടത്തി.

# ഇടവക ആൽബം

ഓഗസ്റ്റ് 2024


GRADUATION CEREMONY 2K24








ഇഗ്നേഷ്യൻസ് ഡേ & കുടുംബ സംഗമം




വിശ്വാസ പരിശീലന സൂപ്പർ സൺഡേ



യൂത്ത് സി എൽ സി അലിവ് 2K24



BEST ACTOR & ACTRESS AWARD PRESENTATION 2024



അൾത്താര സംഘ ദിനം



വിയാനി ഡേ സെലിബ്രേഷൻ



യൂത്ത് സി .എൽ. സി. ദിനം



ഗ്രാൻഡ് പാരൻസ് ഡേ



© MEDIA CELL KKM

# ഇടവക ആൽബം

ഓഗസ്റ്റ് 2024

യുവജന വർഷം യുവ 2K24



കുട്ടി കൂട്ടായ്മ കലാവിരുന്ന് 2K24



അൾത്താര സംഘ പ്രാർത്ഥന ദിനം




വിശ്വാസപരിശീലന കുട്ടി കൂട്ടായ്മ ന്യൂസ് പേപ്പർ റിലീസിംഗ് 2K24



AKCC മെഡിക്കൽ ക്യാമ്പ് ഉദ്ഘാടനം



ഒമ്പതാം വെള്ളി ആചരണം



മദറിന്റെ നാമഹേതുക തിരുനാൾ ആഘോഷം



© MEDIA CELL KKM

## മിഴിവിളക്ക്

# മാർപാപ്പമാർ

**13-ാം നൂറ്റാണ്ട്**
177. ഇന്നസെന്റ് III (1198-1216)
178. ഒണോറിയൂസ് III (1216-1227)
179. ഗ്രിഗറി IX (1227-1242)
180. സെലസ്റ്റിൻ IV (1241-1242)
181. ഇന്നസെന്റ് IV (1243-1254)
182. അലക്സാണ്ടർ IV (1254-1261)
183. ഉർബൻ IV (1261-1264)
184. ക്ലമന്റ് IV (1265-1268)
185. ഗ്രിഗറി X (1268-1268)
186. ഇന്നസെന്റ് V (1276-1276)
187. ഹഡ്രിയാൻ V (1276-1276)
188. ജോൺ XXI (1276-1277)
189. നിക്കോളാസ് III (1277-1280)
190. മാർട്ടിൻ IV (1281-1285)
191. ഹൊണോരിയസ് IV (1285-1287)
192. നിക്കോളാസ് III (1288-1292)
193. വി.സെലസ്റ്റിൻ V (1294-1294)
194. ബോനിഫസ് VIII (1294-1303)

**14-ാം നൂറ്റാണ്ട്**
195. ബെനഡിക്ട് XI (1303-1304)
196. ക്ലെമന്റ് V (1305-1314)
197. ജോൺ XXII (1314-1334)
198. ബെനഡിക്ട് XII (1334-1342)
199. ക്ലമന്റ് VI (1342-1352)
200. ഇന്നസെന്റ് VI (1352-1362)
201. ഉർബൻ V (1362-1370)
202. ഗ്രിഗറി XI (1370-1378)
203. ഉർബൻ VI (1378-1389)
204. ബോനിഫസ് IX (1389-1404)

***വിചിന്തനം :*** പുരോഹിതാ മനസ്സിൽ ദൈവത്തെ പ്രതിഷ്ഠിക്കുക. ദൈവത്തിന്റെ സ്വരം ശ്രവിക്കാൻ തുറവിയുള്ള കാതുകൾ, ദൈവത്തിന്റെ വചനം ഗ്രഹിക്കാനുള്ള ബോധജ്ഞാനം, അവരനിലൂടെ അടുത്തുവരുന്ന ദൈവിക ഇടപെടലുകൾ കാണാനുള്ള ഉൾക്കണ്ണ് എന്നിവ മനസ്സിൽ ദൈവത്തെ പ്രതിഷ്ഠിക്കുന്ന പുരോഹിതന്റെ കൈമുതലുകളാണ്. മിഴികൾ തെളിയട്ടെ.... ദൈവവിളി ഉണരട്ടെ...

മിഴികൾ തെളിയട്ടെ.... ദൈവവിളി ഉണരട്ടെ...
തയ്യാറാക്കിയത്
ഭക്തസംഘടന ഏകോപനസമിതി, കുന്നംകുളം



### അനുമോദനങ്ങൾ

ജൂലൈ മാസത്തിൽ ഇടവകയിലെ
മികച്ച അൾത്താരബാലനായി
തെരഞ്ഞെടുത്ത

**ചിറ്റടിയിൽ സാന്റി അങ്കിത് അഗസ്റ്റിന്**

***ഇടവകയുടേയും ടച്ച്മീയുടേയും***
***അനുമോദനങ്ങൾ***

# വഴിവിളക്ക്

# അപ്പസ്തോലന്മാർ

**വി. യോഹന്നാൻ**

| | |
|---|---|
| പേരിന്റെ അർത്ഥം | - ദൈവകൃപയുള്ളവൻ |
| മറ്റുനാമങ്ങൾ | - ഇടിമുഴക്കത്തിന്റെ പുത്രൻ, ഈശോ സ്നേഹിച്ച ശിഷ്യൻ |
| മാതാപിതാക്കൾ | - സെബദിയും സലോമിയും |
| ഗോത്രം | - സെബുലൂൺ |
| സ്വദേശം | - ബേത്സയ്ദാ |
| ചിഹ്നം | - കഴുകൻ |
| തൊഴിൽ | - മത്സ്യബന്ധനം |
| സുവിശേഷപ്രഘോഷണം | - ജെറുസലേം, റോമ, എഫേസൂസ് |
| ജീവിതസമർപ്പണം | - ക്രിസ്തുവർഷം 98ൽ |
| ഓർമ്മദിനങ്ങൾ | - പൗരസ്ത്യ: മെയ് 9<br>സെപ്തംബർ 26<br>ദനഹാ മൂന്നാം വെള്ളി<br>ലത്തീൻ - ഡിസംബർ 27 |

***സന്ദേശം***

സൊമീഷ്യൻ ചക്രവർത്തി വറചട്ടിയിലിട്ട് പൊരിച്ചപ്പോൾ പോലും യോഹന്നാൻ പിടിച്ചു നിൽക്കാൻ ശക്തിനേടിയത് തന്റെ സമർപ്പണ ബോധത്തോടെയുള്ള ദൈവസ്നേഹം കൊണ്ടാണ്. യോഹന്നാന്റെ സ്നേഹ സന്ദേശം ജീവിതത്തിൽ നാം സ്വർഗ്ഗാവകാശികളാകും. ഈ ലോകത്തെയും നമുക്ക് സ്വർഗ്ഗമാക്കി മാറ്റാം.

തയ്യാറാക്കിയത്
കുടുംബകൂട്ടായ്മ കേന്ദ്രസമിതി
കുന്നംകുളം

## യാത്രാമംഗളങ്ങൾ

വാടാനപ്പിള്ളി സെന്റ് ഫ്രാൻസീസ് സേവ്യർ ഇടവകയിലേക്ക് സ്ഥലംമാറിപ്പോയ, സെന്റ് ആന്റണീസ് കുടുംബകൂട്ടായ്മയിൽ അംഗമായിരുന്ന കിഴക്കേക്കര സാബു മകൻ ഡോ. ഐപ്പിനും കുടുംബത്തിനും

**ഇടവകയുടെ യാത്രാമംഗളങ്ങൾ**

ചിൽഡ്രൻസ് കോർണർ

# അടിക്കുറിപ്പ് മത്സരം

**ഈ ചിത്രത്തിന് അടിക്കുറിപ്പെഴുതി പേരും, ക്ലാസ്സും, യൂണിറ്റും ഫോൺ നമ്പറും എഴുതി ടച്ച് മീ ബോക്സിൽ 15–ാം തിയ്യതിക്ക് മുമ്പായി നിക്ഷേപിക്കുക**

(ഈ മത്സരം 7–ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : .................................................................................................... ക്ലാസ്സ് : .....................

കുടുംബകൂട്ടായ്മ: ............................................... ഫോൺ നമ്പർ :.................................



**കഴിഞ്ഞ ലക്കം അടിക്കുറിപ്പ് മത്സരം വിജയി**

**Evan Johnson**

Std : V, St. Antony's Kudumbakoottayma

"എന്താ ഈ വഴിക്കൊക്കെ
ഫോൺ ഓഫ് ആയോ"


ചിൽഡ്രൻസ് കോർണർ



# നിറം കൊടുക്കാമോ

**ഈ ചിത്രത്തിന് നിറം കൊടുത്ത് പേരും,ക്ലാസ്സും, യൂണിറ്റും, ഫോൺ നമ്പറും എഴുതി ടച്ച്മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പ് നിക്ഷേപിക്കുക**

**(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)**



പേര് : ............................................................................................ ക്ലാസ്സ് : ......................

കുടുംബകൂട്ടായ്മ : ............................................ ഫോൺ നമ്പർ :...................................

**കഴിഞ്ഞ ലക്കം നിറം കൊടുക്കാമോ വിജയി**

Anthonys Anto E., Class : III , St. Antony's Kudumbakoottayma

# വചന കലണ്ടർ

## 2024 SEPTEMBER
## സെപ്തംബർ

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| **1**<br>നിയ 18:14 – 22<br>പ്രഭാ 48:1 – 11<br>ഹെബ്രാ 11:23 – 29<br>മത്താ 17:9 – 13 | **2**<br>ഗലാ 5:19 – 26<br>ലൂക്കാ 3:7 – 14 | **3**<br>റോമാ 2:1 – 11<br>മത്താ 12:38 – 42 | **4**<br>യാക്കോ 3:1 – 12<br>മത്താ 12:33 – 37 | **5**<br>യാക്കോ 2:14 – 17<br>മത്താ 25:31 – 40 | **6**<br>2 തിമോ 3:1 – 9<br>മത്താ 24:1 – 14 | **7**<br>വെളി 2:1 – 7<br>ലൂക്കാ 13:1 – 5 |
| **8**<br>ഉത്പ 17:15 – 22<br>ഏശ 43:1 – 7<br>വെളി 12:1 – 6<br>മത്താ 1:1 – 16 | **9**<br>1 തിമോ 6:11 – 16<br>മത്താ 24:45 – 51 | **10**<br>വെളി 3:14 – 22<br>മർക്കോ 11:12 – 14<br>20 – 26 | **11**<br>വെളി 22:10 – 19<br>മത്താ 25:1 – 13 | **12**<br>1 തിമോ 4:1 – 11<br>മർക്കോ 13:32 – 37 | **13**<br>1 പത്രോ 5:5 – 11<br>ലൂക്കാ 22:39 – 46 | **14**<br>1 കോറി 1:18 – 25<br>ലൂക്കാ 24:13 – 27 |
| **15**<br>സംഖ്യ 21:1 – 9<br>സഭ 10:8 – 12<br>ഗലാ 6:11 – 18<br>മത്താ 10:34 – 42 | **16**<br>2 കോറി 10:1 – 6<br>ലൂക്കാ 18:31 – 34 | **17**<br>കൊളോ 2:6 – 15<br>യോഹ 3:13 – 21 | **18**<br>ഹെബ്രാ 12:1 – 3<br>ലൂക്കാ 24:13 – 35 | **19**<br>എഫേ 2:11 – 22<br>യോഹ 11:45 – 57 | **20**<br>ശ്ലീഹ 4:1 – 12<br>ലൂക്കാ 20:9 – 19 | **21**<br>ഹെബ്രാ 11:23 – 26<br>മത്താ 9:9 – 13 |
| **22**<br>ഉത്പ 9:8 – 17<br>ദാനി 7:9 – 14<br>1 കോറി 1:18 – 25<br>മത്താ 24:29 – 36 | **23**<br>1 കോറി 10:1 – 13<br>മത്താ 24:15 – 28 | **24**<br>1 യോഹ 2:18 – 29<br>യോഹ 7:25 – 31<br>40 – 43 | **25**<br>വെളി 19:11 – 15<br>ലൂക്കാ 12:54 – 59 | **26**<br>1 കോറി 5:9 – 13<br>6:9 – 11<br>ലൂക്കാ 17:20 – 25 | **27**<br>1 കോറി 1:26 – 31<br>മത്താ 9:35 – 38 | **28**<br>2 പത്രോ 3:10 – 13<br>മത്താ 4:12 – 17 |
| **29**<br>ഉത്പ 41:37 – 45<br>പ്രഭാ 47:2 – 3,8 – 11<br>ഹെബ്രാ 1:1 – 4<br>യോഹ 12:27 – 36 | **30**<br>2 തിമോ 3:12 – 17<br>മത്താ 13:44 – 52<br>1 യോഹ 4:1 – 6<br>യോഹ 3:31 – 36 | **1**<br>എഫേ 3:14 – 19<br>മത്താ 18:1 – 5 | **2**<br>ശ്ലീഹ 12:6 – 11<br>മത്താ 18:10 – 14 | **3**<br>ഫിലി 2:5 – 11<br>യോഹ 17:1 – 8 | **4**<br>ഗലാ 6:14 – 17<br>മത്താ 11:25 – 30 | **5**<br>2 കോറി 3:12 – 18<br>യോഹ 17:20 – 26 |

*In Ever*
*Loving Memory of*
*Our Beloved*
*Appachan & Ammachy*









## E.A. VARU
Born : 10-10-1925
Died : 24-12-1960

## M.O. ROSSY
Born : 29-10-1931
Died : 26-09-2008

*Edappully House*
*Vyssery - Kunnamkulam*




**INSTANT DISCOUNT**

പുളിമൂട്ടിൽ സിൽക്സിന്റെ 100-ാം ഓണത്തോടനുബന്ധിച്ച് ഓരോ 2000 രൂപയുടെ പർച്ചേസിനും 100 രൂപ ഇൻസ്റ്റന്റ് ഡിസ്കൗണ്ട്.*

**9:30 AM TO 9:30 PM**

കസ്റ്റമേഴ്സിന്റെ അഭ്യർത്ഥന മാനിച്ച് തിരുവോണം വരെ ഞങ്ങളുടെ സ്ഥാപനം രാത്രി 9:30 വരെ തുറന്നു പ്രവർത്തിക്കുന്നതാണ്.

Pulimoottil
SILKS

PALACE ROAD, THRISSUR
0487 2335524 +91 90484 34488

KOLLAM I KOTTAYAM I PALA
THIRUVALLA I THODUPUZHA

www.pulimoottilonline.com
pulimoottilonline

Published by : Chief Editor, Touchme, Kunnamkulam - for Private Circulation only
Printed at : Nirmala Hiprint Pvt. Ltd. Thrissur - Layout : Mcube Graphics KKM